# കൈത്തറി ചരിത്രം :

# ചേന്ദമംഗലം കൈത്തറിയെ ആസ്പദമാക്കിയുള്ള

# പഠനം.

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദാനന്തര**

**ബിരുദചരിത്ര വിഭാഗത്തിൻ്റെ ഭാഗമായിസമർപ്പിക്കുന്ന**

**പ്രബന്ധം**


**അഭിരാമി കൈലാസ്**

**രജി.നമ്പർ : 190011005436**

**ചരിത്ര വിഭാഗം**

**ഹെൻറി ബേക്കർ കോളേജ് , മേലുകാവ്**


**2021**

# കൃതജ്ഞത

ആദ്യമായി ഈ പ്രബന്ധം തയ്യാറാക്കാൻ സഹായിച്ച സർവ്വശക്തനായ ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

ഈ പ്രബന്ധം തയ്യാറാക്കാനായി എന്നെ സഹായിച്ച ചരിത്ര വിഭാഗം മേധാവി ഡോ. ബീന പോൾ അധ്യാപികയോടും സൂപ്പർവൈസിംഗ് അധ്യാപിക നീതു മരിയ ജെയിംസിനോടും എൻറെ നിസ്സീമമായ നന്ദി അർപ്പിക്കുന്നു.

ഈ പ്രബന്ധത്തിൻെറ പല ഘട്ടങ്ങളിലും എന്നെ വളരെയേറെ സഹായിച്ച ചേന്ദമംഗലം കൈത്തറി ക്ലസ്റ്ററിനോടും അവിടുത്തെ മറ്റ് അംഗങ്ങളോടുമുള്ള നന്ദി അർപ്പിക്കുന്നു.

ഈ പ്രബന്ധത്തിൻെറ പല ഘട്ടങ്ങളിലും എന്നെ വളരെയേറെ സഹായിച്ച ഹെൻറി ബേക്കർ കോളേജ് ലൈബ്രറി , എറണാകുളം പബ്ലിക് ലൈബ്രറി തുടങ്ങിയ ലൈബ്രറികളിലെ അംഗങ്ങളോടുമുള്ള എൻറെ നിസ്സീമമായ നന്ദി അർപ്പിക്കുന്നു.

ഈ പ്രബന്ധത്തിന് ആദ്യ അന്ത്യത്തോളം എൻറെ കൂടെ നിന്ന് സഹായിച്ചവരോടും, നയിച്ച വേരോടും എനിക്ക് പ്രചോദനം നൽകിയ മാതാപിതാക്കൾ, സഹോദരങ്ങൾ, അധ്യാപകർ, സഹപാഠികൾ, സുഹൃത്തുക്കൾ എന്നിവരോടും എൻറെ ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

അഭിരാമി കൈലാസ്

എം എ ചരിത്ര വിഭാഗം.

# പ്രസ്താവന

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബിരുദാനന്തര ബിരുദത്തിനായി സമർപ്പിക്കുന്ന "കൈത്തറി ചരിത്രം : ചേന്ദമംഗലം കൈത്തറിയെ ആസ്പദമാക്കിയുള്ള പഠനം" എന്ന ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും ബിരുദത്തിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനു വേണ്ടിയോ എഴുതിയതല്ല എന്നും പ്ലാജിയാരിസം പരിശോധനക്ക് വിധേയമാക്കിയെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**അഭിരാമി കൈലാസ്**

**എം എ ചരിത്ര വിഭാഗം**

**ഹെൻറി ബേക്കർ കോളേജ്**

**മേലുകാവ്.**

**മേലുകാവ്.**

# സാക്ഷ്യപത്രം

മഹാത്മാഗാന്ധി സർവകലാശാലയിൽ ചരിത്രം ബിരുദാനന്തര ബിരുദത്തിനായി സമർപ്പിക്കുന്ന "കൈത്തറി ചരിത്രം : ചേന്ദമംഗലം കൈത്തറിയെ ആസ്പദമാക്കിയുള്ള പഠനം" എന്ന പ്രബന്ധം എൻെറ മേൽനോട്ടവും നിർദേശമനുസരിച്ച് അഭിരാമി കൈലാസ് നിർവ്വഹിച്ച ഗവേഷണത്തിൻ്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**നീതുമരിയ ജെയിംസ്**
**സൂപ്പർവൈസിംഗ് ടീച്ചർ**
**പോസ്റ്റ് ഗ്രാജുവേറ്റ്**
**ഡിപ്പാർട്ട്മെൻറ് ഓഫ് ഹിസ്റ്ററി**
**ഹെൻറി ബേക്കർ കോളേജ്**
**മേലുകാവ്.**

**ഡോ.ബീന പോൾ**
**ഹെഡ് ഓഫ് ദി**
**ഡിപ്പാർട്ട്മെൻറ് ഓഫ് ഹിസ്റ്ററി**
**ഹെൻറി ബേക്കർ കോളേജ്**
**മേലുകാവ്.**

**മേലുകാവ്.**

# ഉള്ളടക്കം


സാക്ഷ്യപത്രം

പ്രസ്താവന

കൃതജ്ഞത

| അദ്ധ്യായം | പേജ് നം |
|---|---|
| ആമുഖം. | 1-10 |
| ചേന്ദമംഗലം ചരിത്രവും പശ്ചാത്തലവും | 11-18 |
| കേരള കൈത്തറി ചരിത്രവും ചേന്ദമംഗലം കൈത്തറി ഉൽഭവവും വളർച്ചയും. | 19-26 |
| ചേന്ദമംഗലംകൈത്തറി അതിജീവന പാഠങ്ങൾ. | 27-32 |
| ഉപസംഹാരം. | 33-35 |
| ഗ്രന്ഥ സൂചി. | 36-39 |
| അനുബന്ധം. | 40-51 |

# അദ്ധ്യായം – ഒന്ന്

# ആമുഖം

കൈകളാലോ കാലുകളാലോ സ്വമേധയാ പ്രവർത്തിപ്പിക്കുന്ന തറി അല്ലെങ്കിൽ നെയ്ത്ത് യന്ത്രമാണ് കൈത്തറികൾ. ലോകത്തിൽ വച്ച് ഇന്ത്യൻ കൈത്തറി ഉൽപന്നങ്ങളാണ് ഗുണമേന്മയുള്ളത്. ലോകമെമ്പാടും ഇന്ത്യ കൈത്തറി ആകർഷിക്കപ്പെട്ടിരിക്കുന്നതിൻറെ കാരണവും അതാണ്. പരമ്പരാഗതമായുള്ള കൈത്തറി വൈവിധ്യം ഇന്ത്യയിൽ എല്ലായിടങ്ങളിലും കാണാം.

ഇന്ത്യയുടെ വസ്ത്രനിർമ്മാണ ചരിത്രം കെട്ടിപ്പടുക്കുന്നതിൽ കൈത്തറിക്കുള്ള പ്രാധാന്യം അതിവിശേഷമാണ്. നെയ്ത്ത് എന്നത് പ്രാചീനകാലം മുതൽ നടത്തപ്പെട്ട ഒരു പ്രധാന തൊഴിലാണ്. ലോകത്തിലെ ഏറ്റവും പഴയ കരകൗശല വിദ്യയാണിത്. നവീന ശിലായുഗ മുതൽ നെയ്ത്ത് പാരമ്പര്യം തുടങ്ങി എന്നു പറയാം.[1]

5000 വർഷത്തിലേറെയായി ഇന്ത്യയിൽ നെയ്ത്ത് സമ്പ്രദായം അഭിവൃദ്ധിപ്പെട്ടു വരുന്നു. ഈജിപ്ഷ്യൻ സൈറ്റിൽ നിന്ന് ഇന്ത്യൻ കൈത്തറിയിലെ ആദ്യത്തെ സ്ക്രാപ്പ് ഖനനം ചെയ്തു, തുടർന്ന് മോഹൻ ജോ ദാരോയിൽ (സിന്ധുനദി നാഗരികത) നിന്ന് നെയ്തതും ചായം പൂശിയതുമായ കോട്ടൺ കൊണ്ട് നിർമ്മിച്ച കുറച്ച് തുണിത്തരങ്ങളും ലഭിച്ചിട്ടുണ്ട്. വേദിക് സാഹിത്യം പോലും ഇന്ത്യയുടെ നെയ്ത്ത് രീതിയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കമ്പി ത്രെഡിനെ "വർണ സൂത്രം" എന്ന് വിളിച്ചിരുന്നു, പിന്നീടുള്ള സംഹിതകളിലും ബ്രാഹ്മണങ്ങളിലും ഇത് പരാമർശിക്കപ്പെട്ടിട്ടുണ്ട്.[2] നെയ്ത്തുകാർ തറിയിൽ ഒരു ഷട്ടിൽ എറിയുമ്പോൾ രാവും പകലും വെളിച്ചവും ഇരുട്ടും ഭൂമിയിൽ പരത്തുന്നുവെന്ന് അഥർവ്വവേദം പറയുന്നു.[3]

---

[1] ആഷ്ന സിംങ് & അർചന കൃഷ്ണപ്രസാദ്, എ ഡയനോക്കസിസ്റ്റിക്ക് സ്റ്റഡി ഓൺ ചേന്ദമംഗലം വീവേഴ്സ് സൊസൈറ്റി , 2019,പു.15.
[2] ഋതു ജെര, അനലിറ്റിക്കൽ സ്റ്റഡി ഓഫ് ഹാൻഡ്‌ലൂം ഇൻഡസ്ട്രി ഓഫ് കോട്ടാ റീജിയൺ, പു.48.
[3] വിജയ രാമസ്വാമി , ടെക്സ്റ്റൈൽസ് ആൻഡ് വീവേഴ്സ് ഇൻ മിഡീവൽ സൗത്ത് ഇന്ത്യ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ഡൽഹി, 1985,പു.2.

പ്രാചീന കാലഘട്ടം മുതൽ ഇന്ത്യൻ കൈത്തറി വസ്ത്രങ്ങൾ ചൈന , റോം, ഈജിപ്ത് എന്നിവിടങ്ങളിലേക്ക് കയറ്റി അയക്കപ്പെട്ടിട്ടുണ്ട്. ആദ്യകാലങ്ങളിൽ ജനങ്ങൾ അവർക്കാവശ്യമായ വസ്ത്രങ്ങൾ സ്വയം നെയ്ത്തു യന്ത്രളിൽ നെയ്ത്ത എടുക്കുമായിരുന്നു. കൈകൾ കൊണ്ട് പ്രവർത്തിപ്പിക്കുന്നതായിരുന്നു നെയ്ത്തു യന്ത്രങ്ങൾ . സ്പിന്നിംഗ് വീൽ അഥവ ചർക്ക ആയിരുന്നു നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്നത്. സ്ത്രീകളായിരുന്നു കൈത്തറി നിർമ്മാണത്തിൽ കൂടുതലായും ഏർപ്പെട്ടിരുന്നത്. കൈത്തറി വ്യവസായം നമ്മുടെ രാജ്യത്തിൻറെ സമ്പത്ത് വ്യവസ്ഥയുടെ ഒരു ഭാഗമാണ് .

നെയ്ത്തുകാർ തൊഴിലിന് പ്രാചീനകാലത്ത് രാജാക്കന്മാരും ഭരണാധികാരികളും പ്രാധാന്യം നൽകിയിരുന്നു ചന്ദ്രഗുപ്ത മൗര്യന്റെ കാലത്ത് നൂല് നൂല്ക്കുന്നതും നെയ്യുന്നതുമായ ഒരു സൂപ്രണ്ടിനെ നിയമിക്കുന്നതിനെക്കുറിച്ച് പരാമർശമുണ്ട്. നൂൽ, വസ്ത്രം, കയറുകൾ എന്നിവയുടെ നിർമ്മാണത്തിനായി സർക്കാർ ഫാക്ടറികൾ ഉണ്ടായിരുന്നു. "സൂത്രശാല" എന്ന വെയർഹൗസിലാണ് നൂൽ ശേഖരിച്ചിരുന്നത്. ജോലിയുടെ അളവിനോ ഗുണ നിലവാരത്തിനോ അനുസരിച്ചാണ് വേതനം നൽകുന്നത്.[4]

മുഗൾ കാലഘട്ടത്തിലും പുരാതന ഇന്ത്യൻ തുണിത്തരങ്ങൾ പ്രസിദ്ധമായിരുന്നു മുൽമുൽ ഖാസ് (കിംഗ്സ് മസ്ലിൻ), ജംദാനി (ഫിഗേർഡ് മസ്ലിൻ), ബനാറസി ബ്രോക്കേഡ്, ചന്താര, ധുപ്പാവോൺ, മാപ്പാർ, മോർഗല, ബൾബുൾ ചഷ്ം, ദോഷാല, കസബ അല്ലെങ്കിൽ ചദ്ദാർ, റുമൽ, കാശ്മീർ ഷാൾ, കണിക്കർ, ജമാവാർ, അമിൽക്കർ, കാശിദ, ഫുൽക്കർ, ബാഗ്, മക്മൽ മറ്റ് തുണിത്തരങ്ങൾ. ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ ഇന്ത്യ കൈത്തറി നിർമ്മാണ സമ്പ്രദായത്തിൻെറ മാതൃഭൂമി ആണെന്നും അത് നമ്മുടെ മനുഷ്യ നാഗരികതയോളം പഴക്കമുള്ളതാണെന്നും അവർ വാദിക്കുന്നു. ഇത്തരം കൈത്തറി സമ്പ്രദായങ്ങൾ തലമുറകളിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.[5]

എ.ഡി പതിനെട്ടാം നൂറ്റാണ്ടിൽ ഇന്ത്യൻ ഫ്ലോറ പ്രിൻറ്കൾ മധ്യേഷ്യയിലെ മഞ്ഞു പാളികൾക്കിടയിൽ ഉള്ള ജലത്തിൽ നിന്നും സർ ഔറൽ സ്റ്റൈൻ കണ്ടെത്തി. ഇത്തരം തെളിവുകളുടെ അടിസ്ഥാനത്തിൽ നിന്നും മനസ്സിലാക്കുന്നത് ഇന്ത്യയിലെ എല്ലാ

[4] രാധാ കുമുദ് മുഖർജി , ചന്ദ്രഗുപ്ത മൗര്യ ആൻഡ് ഹിസ് ടൈം, മോത്തിലാൽ ബനാറസിഡസ് പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് മുംബൈ,1999,പു.120.

[5] ഋതു ജെര,Op.cit ., പു.49.

കലകളിലും അതുപോലെ കരകൗശല ങ്ങളിലും വച്ച് ഇന്ത്യൻ കൈത്തറി എന്നത് ഏറ്റവും പഴക്കമുള്ളതാണ്.[6]

കേരളത്തിൽ പതിനഞ്ചാം നൂറ്റാണ്ട് കൂടിയാണ് വിപ്ലാവാത്മകരമായ കൈത്തറി ആരംഭിക്കുന്നത്. പോർച്ചുഗീസ്, ഫ്രഞ്ച് , ബ്രിട്ടൻ കൈത്തറി വ്യാപാരത്തിലും മറ്റു വ്യാപാരത്തിലും കേരളവുമായി ബന്ധം പുലർത്തിയിരുന്നു. കേരളത്തിൽ നിന്ന് കസവുമുണ്ട് , വെള്ളമുണ്ട് എന്നിവ കയറ്റുമതി നടത്തിയിരുന്നു. ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ച ബേസൽ മിഷൻ 1852ൽ കണ്ണൂർ , 1859 ൽ കോഴിക്കോട് കൈത്തറി യൂണിറ്റുകൾ സ്ഥാപിച്ചു. ഈ യൂണിറ്റുകൾ കൈത്തറി വ്യവസായ ആരംഭത്തിന് ഒരു അടയാളമായിരുന്നു. കോമൺവെൽത്ത് ട്രസ്റ്റ് (ഇന്ത്യ) ലിമിറ്റഡ് എന്നാണ് യൂണിറ്റുകൾ അറിയപ്പെട്ടത്. ജർമ്മനിയിൽ നിന്നും പരിശീലനം ലഭിച്ച മരപ്പണിക്കാർ പ്രാദേശിക ഫ്രെയിം തറികൾ നിർമ്മിച്ചു. വസ്ത്ര നിർമ്മാണത്തിന് വളരെയധികം സഹായികമായി. ഇത് മലബാർതറി എന്ന പേരിലാണ് അറിയപ്പെട്ടത്. ഫാക്ടറികളിൽ നെയ്ത ധോത്തികളെ “മിഷൻമുണ്ട്” എന്ന് വിളിക്കപ്പെട്ടു.[7]

ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചടക്കിയ ശേഷം, അവർ അവരുടെ ആവശ്യത്തിനായി കൈത്തറി വ്യവസായം ഏറ്റെടുക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, കുത്തക അവസാനിക്കുകയും 19 -ആം നൂറ്റാണ്ട് മുതൽ വ്യവസായ വിപ്ലവത്തിന്റെ ആവിർഭാവത്തോടെ ഇംഗ്ലീഷ് ജനത കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നത് ഉപേക്ഷിക്കുകയും ചെയ്തു. അവർ അവരുടെ തുണിത്തരങ്ങളുടെ മെക്കാനിക്കൽ ഉത്പാദനം ആരംഭിച്ചു.[8]

ഇത്തരത്തിലുള്ള സാംസ്കാരികപരമായിട്ടുള്ള ഒരു വിപ്ലവം കൈത്തറി മേഖലയിൽ ഉണ്ടായിട്ടുപോലും ചേന്ദമംഗലം കൈത്തറി അവരുടെ പരമ്പരാഗത രീതി തന്നെ ഉയർത്തി കൊണ്ടു വരുന്നതിൽ ശ്രദ്ധ പുലർത്തിയിരുന്നു. കേരളത്തിൽ 14 ജില്ലകളിലും കൈത്തറി നിർമ്മാണം വ്യാപിച്ചിരുന്നു. അതിൽ ചേന്ദമംഗലം കൈത്തറി പറഞ്ഞറിയിക്കാൻ ആവാത്ത പ്രാധാന്യമുണ്ട്. പ്രധാനമായും ധോത്തി, കസവുമുണ്ട്, നേരിയത് എന്നിവയാണ് ഉൽപാദിപ്പിക്കപ്പെട്ടത് .

---

[6] റുസ്തം ജെ മെഹത്ത, ദി ഹാൻഡി ക്രാഫ്റ്റ് ആൻറ് ഇൻഡസ്ട്രിയൽ ആർട്സ് ഓഫ് ഇന്ത്യ , ഡി.ബി തറപേരെവാല സൺസ്&കോ, ബോംബെ , 1960. പു.1.

[7] ശ്രീമതി മോഹൻ , ദി ഇന്ത്യൻ സാരി ജേർണൽ, 2000.

[8] സുകന്യ എസ് എസ്, ദി കണ്ടീഷൻ ഓഫ് ഹാൻഡ് ലൂം ഇൻഡസ്ട്രി ആൻഡ് ഹാൻഡ്ലൂം വീവേഴ്സ് ഇൻ ദി പ്രസൻറ്റ് എക്കണോമിക്സ് സിനാരിയോ - എ കേസ് സ്റ്റഡി ഓഫ് പ്രൈവറ്റ് ഹൗസ് ഹോൾഡ് യൂണിറ്റ് ഇൻ സൗത്തേൺ ട്രിവാൻഡ്രം, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, 18 ഡിസംബർ 2017.

ഇവിടുത്തെ തുണിയും ഘടനയും മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായിരുന്നു. തികച്ചും പരമ്പരാഗത രീതിയിൽ യാതൊരു വിധ ഇലക്ട്രിക്ക് ഉപകരണങ്ങൾ ഉപയോഗിക്കാതെയാണ് ഇവർ കൈത്തറിനെയുന്നത്. കൂടാതെ നെയ്ത്ത തുണികൾക്ക് നിറം നൽകുവാനും മറ്റുമെല്ലാം പരമ്പരാഗത രീതികൾ തന്നെ ഉപയോഗിക്കുവാൻ അവർ തിരഞ്ഞെടുത്തു. കസവുമുണ്ട് വസ്ത്രങ്ങൾ ബ്രാഹ്മണ നായർ ആഢ്യതത്തെ സൂചിപ്പിക്കുന്നതിന് കാരണമായി.

**കേരളത്തിലെ പ്രധാന കൈത്തറി ഉല്പാദന പ്രദേശങ്ങൾ** :-

## തിരുവനന്തപുരം

തിരുവനന്തപുര ജില്ലയിൽ ബാലരാമപുരം ആസ്ഥാനമാക്കിയാണ് കൈത്തറിയുടെ നെയ്ത്തുകൾ നടക്കുന്നത്. വളരെയധികം ചരിത്ര പ്രാധാന്യമുള്ള ഒരു പ്രദേശമാണ് ബാലരാമപുരം. കസവുമുണ്ട്, മുണ്ട് നേരിയത് , ഈറഴ തോർത്ത്, മേൽമുണ്ട് എന്നിവയാണ് പ്രധാന ഉൽപ്പന്നങ്ങൾ . തിരുവനന്തപുരത്ത് ഏകദേശം 349 നെയ്ത്ത് സൊസൈററിയും, 44700 നെയ്ത്തുകാരുമുണ്ട്.[9]

## കൊല്ലം

80 സൊസൈറ്റികൾ , 10271 നെയ്ത്തുകാർ. പഴയകാലത്ത് കൊല്ലം ദക്ഷിണേന്ത്യയിലെ പ്രധാന തുറമുഖമായിരുന്നു . സാരി, ധോത്തി എന്നിവയാണ് പ്രധാന ഉത്പന്നങ്ങൾ. കൊല്ലം, കരുനാഗപ്പിളളി, ചാത്തനൂർ എന്നിവയാണ് ജില്ലയിലെ പ്രധാന നെയ്ത്ത് കേന്ദ്രങ്ങൾ.[10]

[9] കേരള ഹാൻഡ് ലൂം ഇൻഡസ്ട്രി, കേരള ഹാൻഡ് ലൂം ആൻ ഇൻഫോർമാറ്റിക്ഷ് സൈറ്റ് ഫ്രം എ. എ. സി , 26 ജൂലൈ 2011.
[10] Ibid.

## ആലപ്പുഴ

കയർ ഉൽപന്നങ്ങൾക്ക് ആലപ്പുഴ വളരെ പ്രസിദ്ധമാണ്. കയർ നെയ്ത്തും കൈകൊണ്ട് മാത്രമാണ് ചെയ്യുന്നത്. ഇവിടെ കൈത്തറി നെയ്ത്തുശാലകളും കാണാം. ഈ നെയ്ത്തുശാല കേന്ദ്രങ്ങളിലെ പ്രധാന ഉൽപന്നങ്ങൾ പ്രധാനമായും ധോതികൾ, സാരികൾ, ലുങ്കികൾ, ഈറഴത്തോർത്ത് തുടങ്ങിയവയാണ്.[11]

## തൃശ്ശൂർ

സാംസ്കാരികനഗരം എന്നറിയപ്പെടുന്ന തൃശൂരിൽ കൂത്തപ്പിള്ളി കൈത്തറിക്ക് ആണ് വളരെയധികം പ്രാധാന്യം . ഇതിൽ കുത്തപ്പിള്ളി സാരി മുൻഗണനയിൽപ്പെടുന്നു.സെറ്റ് മുണ്ട്, ധോത്തി , ലുങ്കി എന്നിവയും ഈ കൂട്ടത്തിൽ ഉണ്ട് . തൃശ്ശൂരിൽ 30 സൊസൈറ്റിയും 6052 നെയ്ത്തുകാരും ഉണ്ട്.[12]

## പാലക്കാട്

കൈത്തറിനെയ്ത്ത് പ്രധാനമാക്കിയ മറ്റൊരു ജില്ലയാണ് പാലക്കാട് . ചിറ്റൂർ, പുതുനഗരം,കരിമ്പുഴ എന്നിവയാണ് ഇവിടെയുള്ള പ്രധാന കൈത്തറി കേന്ദ്രങ്ങൾ. സാരി ,ലുങ്കി, തോർത്ത് എന്നിവയാണ് പ്രാധാന്യം. ആകെ 45 സൊസൈറ്റികളിൽ 11236നെയ്ത്തുകാർ പാലക്കാടിന് സ്വന്തമാണ്.[13]

## കോഴിക്കോട്

കോഴിക്കോട് കൈത്തറി “ മലബാർ കൈത്തറി” എന്ന പേരിലും അറിയപ്പെടുന്നു. “കാലിക്കോ “ തുണികൾക്ക് പേരുകേട്ട നാടാണ് എവിടെയാണ് ബ്രിട്ടീഷ് ഭരണകാലത്ത് കോഴിക്കോട് നിന്നും കാലികോ കയറ്റുമതി ചെയ്തിരുന്നതായി കാണാം . 41 സൊസൈറ്റികളാണ് ഇവിടെയുള്ളത്.[14]

---

[11] Ibid.
[12] Ibid.
[13] Ibid.
[14] Ibid.

## കണ്ണൂർ

കേരളത്തിൻറെ മാഞ്ചസ്റ്ററെന്ന് കണ്ണൂരിന് വിശേഷിപ്പിക്കുന്നു . ഇവിടെ പ്രധാനമായും വ്യാവസായിക സമൂഹങ്ങളായാണ് പ്രവർത്തിക്കുന്നത് . ഷിർടിംഗ്, ടർക്കിഷ്ടവ്വലുകൾ ,സതീൻ ഷീറ്റ് ,തോർത്ത്, ലുങ്കീസ് പ്രധാന ഉൽപ്പന്നങ്ങൾ . ഇതിൽ കണ്ണൂർ മുണ്ട് ഒരു ജനപ്രിയ ഇനമാണ്. 13667 നെയ്ത്തുകാരും ഒന്നിച്ച് പ്രവർത്തിക്കുന്നു .[15]

## കാസർഗോഡ്

കേരളത്തിലെ ഏറ്റവും വടക്കേ ജില്ലയാണ് കാസർഗോഡ് . ഇവിടെ പ്രധാനമായും സാരികൾ ഉത്പാദിപ്പിക്കപ്പെടുന്നു, കൂടാതെ കയറ്റുമതി ഇനങ്ങളും ഇവിടെഉത്പാദിപ്പിക്കപ്പെടുന്നു. കാസർഗോഡ് , മാഞ്ചേശ്വരം എന്നിവയാണ് പ്രധാനകേന്ദ്രങ്ങൾ . 11 സൊസൈറ്റികൾ ഇവിടെയുണ്ട്, ഇപ്പോൾ 3401 നെയ്ത്തുകാർ ഈ സൊസൈറ്റികളിൽ ജോലി ചെയ്യുന്നു. വ്യത്യസ്ത വർണ്ണ പാറ്റേണുകളിൽ നെയ്തതും സാരിയാൽ അലങ്കരിച്ചതുമായ സിൽക്സാരികൾക്ക് ഇപ്പോൾ നല്ല ഡിമാൻഡുണ്ട്.[16]

കൊച്ചിയിൽ പിന്തുടരുന്ന ഓരോയൊരു തുണി വ്യവസായമാണ് പരുത്തിനെയ്ത്ത്. ഇത് പ്രധാനമായും നടത്തിവരുന്നത് പാരമ്പര്യ നെയ്ത്തുക്കാരായ ചാലിയമാരാണ്. തൃശ്ശൂർ ഒഴികെയുള്ള എല്ലാ താലൂക്കുകളിലും ഇത് കാണപ്പെടുന്നു. 2400 പുരുഷന്മാരും , 1600 സ്ത്രീകളും നെയ്ത്ത് ജോലി ചെയ്യുന്നു. കുഴിതറികൾ ഇവിടുത്തെ പ്രത്യേകതയാണ്. ചാലിയന്മാർ നാടൻ നെയ്ത്ത് മാത്രം പരിശീലിക്കുന്നത്. തുണികൾക്കും, തൂവാലകൾക്കും ദരിദ്ര വിഭാഗങ്ങൾക്കിടയിൽ വളരെയധികം ആവശ്യക്കാരുണ്ട് . ഇതേതുടർന്ന് പ്രാദേശിക വിപണിയിൽ ഒരു വിൽപന കണ്ടെത്തി. പാവുമുണ്ടുകൾ മലയാളികളുടെ ഫാഷനബിൾ മനോഭാവമായിരുന്നു. തന്മൂലം കൊച്ചിയിലും മലബാറിലും ആവശ്യക്കാർ ഏറി.[17]

---

[15] Ibid.
[16] Ibid.
[17] സി അച്യുതമേനോൻ, കൊച്ചി സ്റ്റേറ്റ് മാനുവൽ, കൊച്ചി ഗവൺമെൻറ് പ്രസ്, എറണാകുളം , 1911, പു. 266-267.

2018ലെ പ്രളയം ചേന്ദമംഗലം കൈത്തറിയുടെ വലിയൊരു നാശനഷ്ടത്തിന് കാരണമായി. ഓണം മുൻമ്പിൽ കണ്ട് നെയ്തുകൂട്ടിയ ലക്ഷകണക്കിന് രൂപയുടെ ഉൽപ്പന്നങ്ങൾ പ്രളയമെന്ന വിപത്ത് ഇല്ലായ്മചെയ്തു. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടത്തിൽ നിന്ന് കരകയറുന്നതിനായി നിരവധി സൗഹൃദക്കൂട്ടായ്മകളും ഇതേതുടർന്ന് കൂടിചേർന്നു. ചേറിനെ അതിജീവിച്ചു വന്ന ചേക്കുട്ടിയുടെ പിറവിയും ചേന്ദമംഗലം കൈത്തറിയുടെ നാശനഷ്ടതിന് വിരാമം കുറിക്കുവാൻ സഹായകരമായി. അന്താരാഷ്ട്രതലത്തിൽ ഒരു ബ്രാൻഡ് തന്നെ കൊണ്ടുവരാൻ ചേക്കുട്ടിക്ക് സാധിച്ചു എന്ന് പറയാം. കൈത്തറി ഉൽപ്പന്നങ്ങളിൽ നിന്ന് ചേക്കുട്ടിയുടെ പിറവിയെ കേരളക്കര ഇരുകൈകളും നീട്ടി സ്വീകരിച്ചു.

**ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും**

1) കേരള കൈത്തറി ചരിത്രവും ചേന്ദമംഗലം കൈത്തറിയുടെ ചരിത്ര പ്രാധാന്യം മനസ്സിലാക്കുക.

2) ചേന്ദമംഗലം കൈത്തറിയുടെ ഉത്ഭവവും വളർച്ചയും പഠിക്കുക.

3) ചേന്ദമംഗലം കൈത്തറിയുടെ നിർമ്മാണ പ്രക്രിയ മനസ്സിലാക്കുക.

4) ചേന്ദമംഗലം കൈത്തറിയുടെ പ്രളയാനന്തര അതിജീവനം മനസ്സിലാക്കുക.

5) സാംസ്കാരിക പരമായി കൈത്തറി മേഖലയിൽ ഉണ്ടായ മാറ്റങ്ങളും, ചേന്ദമംഗലം കൈത്തറിയെ മുൻനിർത്തി കൊണ്ടുള്ള പഠനം.

**ഗ്രന്ഥ പരിചയം**

ചേന്ദമംഗലം കൈത്തറിയെ കേന്ദ്രീകരിച്ചുള്ള ആധികാരികമായ പഠനങ്ങൾ ഒന്നും നടന്നട്ടില്ല എന്നാൽ ചില ഗ്രന്ഥങ്ങളിലെല്ലാം കൈത്തറിയെപ്പറ്റിയുള്ള പരാമർശങ്ങൾ കാണാം:-

അച്യുതമേനോൻെറ 'കൊച്ചി സ്റ്റേറ്റ് മാനുവൽ' പഴയ കൊച്ചിരാജ്യംത്തിന്റെ സാമൂഹിക, സാമ്പത്തിക, ചരിത്രപരമായ അവസ്ഥകൾ വിശദീകരിക്കുന്നു.

കൊച്ചിയിലെ നെയ്ത്ത്ശാലയും അവിടുത്തെ പ്രധാന ഉൽപ്പന്നങ്ങളെ കുറിച്ച് പരാമർശിക്കുന്നുണ്ട്.

കെ.പത്മനാഭമേനോൻ്റെ "കൊച്ചി രാജ്യചരിത്രം" . കൊച്ചിയിലെ സാമൂഹിക - സാംസ്കാരിക - സാമ്പത്തിക രാഷ്ട്രീയ കാര്യങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ കാണാം. ശക്തൻ തമ്പുരാനെ പാലിയത്തച്ചൻ കുറിച്ചുള്ള സമഗ്രവിവരണം ഉൾപ്പെടുത്തിയിട്ടുണ്ട്.

റുസ്ത ജെ മേഹത്തയുടെ "ദി ഹാൻഡി ക്രാഫ്റ്റ് ആൻഡ് ഇൻഡസ്ട്രിയൽ ആൻഡ്സ് ഓഫ് ഇന്ത്യ" എന്ന പുസ്തകത്തിൽ ഇന്ത്യയുടെ പ്രാചീന കാലഘട്ടത്തിലെ കരകൗശലവിദ്യകളും അവയുടെ നിർമ്മാണ പ്രാധാന്യം എന്നിവയെ കുറിച്ച് വിവരിക്കുന്നു. നെയ്ത്ത്, ആഭരണ നിർമ്മാണം, വിഗ്രഹങ്ങൾ എന്നിവയെക്കുറിച്ചുള്ള നിർമ്മാണ മാർഗങ്ങളെല്ലാം ഇതിൽ പരാമർശിക്കുന്നു.

എസ്. സേതുമാധവൻറെ 'സാഗാസ് ഓഫ് മുസ്രീസിൽ' ചേന്ദമംഗലം ചരിത്രത്തെക്കുറിച്ച് പൈതൃങ്ങളെ കുറിച്ചും ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട് . ചേന്ദമംഗലം കൈത്തറിമേഖലയുടെയും പാലിയത്തച്ഛൻ കാലഘട്ടം മുതലുള്ള ചേന്ദമംഗലം കൈത്തറി സംസ്കാരത്തെകുറിച്ചും വിവരിക്കുന്നു.

ജെ.ബിസെഗലിൻ്റെ 'എ. ഹിസ്റ്ററി ഓഫ് ദി ജ്യൂസ്' എന്ന പുസ്തകത്തിൽ കേരളത്തിലെ ജൂത സംസ്കാരത്തെകുറിച്ചും ജൂത ചരിത്രത്തെകുറിച്ചും പരാമർശിക്കുന്നുണ്ട്. കൊച്ചി ജൂതന്മാരെ കുറിച്ചും കുറിച്ച് പരാമർശിക്കുന്നു.

ജെ.ആർത്തൂർ വാറോക്കറിൻ്റെ 'ദി സിനഗോഗ് ഓഫ് കേരള, ഇന്ത്യ' എന്ന തീസിസിൽ ഇന്ത്യയിലെ കേരളത്തിലെ സിനഗോഗുകൾ - പ്രദേശത്തിന്റെ ചരിത്രം, സ്വത്വം, വികസനം, സ്ഥലബോധം അന്വേഷണങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നു.കേരള സിനഗോഗുകൾ വ്യത്യസ്തമായ വാസ്തുവിദ്യാ, സാംസ്കാരിക സ്വാധീനങ്ങൾ വിവരിക്കുന്നു. ചേന്ദമംഗലം സിനഗോഗും പോർച്ചുഗീസ് അധിനിവേശം പരാമർശിക്കുന്നു.

## പഠനത്തിൻറെ പ്രസക്തി

കേരളത്തിൽ നിരവധി കൈത്തറി മേഖലകൾ ഉണ്ടെങ്കിലും അതിൽ നിന്നും പാരമ്പര്യം ആയതും നിരവധി ചരിത്രപ്രാധാന്യമുള്ള ചേന്ദമംഗലം കൈത്തറിയുടെ ചരിത്രം വിരളമാണ്. പാലിയത്തച്ഛൻ കാലം മുതൽ പ്രാധാന്യം

നേടുന്ന ചേന്ദമംഗലം കൈത്തറി ഇന്ന് ജി ഐ ആർ ടാഗ് ലഭിച്ചിട്ടുണ്ട് . മാത്രമല്ല ആഗോളതലത്തിൽ ശ്രദ്ധനേടിയിരുന്നു. 2018 ലെ പ്രളയത്തോടെ എല്ലാ നശിച്ചുവെന്നു കരുതിയ ചേന്ദമംഗലംക്കാർക്കിടയിൽ ചേക്കുട്ടിയിലൂടെ ഉണ്ടായ അതിജീവനും ചരിത്രത്താളുകളിൽ എഴുതപ്പെടേണ്ടതാണ്. ഈ പ്രബന്ധം ചേന്ദമംഗലത്തിൻറെ ചരിത്രവും കൈത്തറിയും അതിൻറെ അതിജീവനത്തെയും ആഗോള പ്രസക്തിയെയും മനസ്സിലാക്കി കൊണ്ടുവരികയാണ് ഈ പ്രബന്ധംത്തിലൂടെ വ്യക്തമാക്കുന്നത്.

**പഠനപദ്ധതി**

ചേന്ദമംഗലം ചരിത്രവും കൈത്തറി പഠനവും എന്ന ഈ പ്രബന്ധം 5 അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു .

ഒന്നാമത്തെ അദ്ധ്യായമായ ആമുഖത്തിൽ ഗ്രന്ഥ പരിചയം, പഠനത്തിൻറെ പ്രസക്തി, ഉദ്ദേശ ലക്ഷ്യങ്ങൾ ,രീതിശാസ്ത്രം, പഠന പദ്ധതി ഉൾക്കൊള്ളിച്ചിരിക്കുന്നു.

‘ചേന്ദമംഗലം ചരിത്രവും പശ്ചാത്തലവും” എന്ന രണ്ടാം അദ്ധ്യായത്തിൽ ചേന്ദമംഗലത്തെ ഭൂമിശാസ്ത്രഘടനയും ചേന്ദമംഗലത്തെ ചരിത്രസ്മാരകങ്ങൾ കുറിച്ചും വിവരിക്കുന്നു .

മൂന്നാം അദ്ധ്യായമായ “ കേരള കൈത്തറി ചരിത്രവും ചേന്ദമംഗലം കൈത്തറി ഉൽഭവവും വളർച്ചയും” . ഇതിൽ ചേന്ദമംഗലം കൈത്തറിയുടെ ഉത്ഭവവും കൈത്തറി നിർമ്മിക്കുന്ന വ്യത്യസ്ത ഘട്ടങ്ങളെക്കുറിച്ച് വിവരിക്കുന്നു.

“ചേന്ദമംഗലം കൈത്തറി അതിജീവന പാഠങ്ങൾ” എന്നതാണ് നാലാം അദ്ധ്യായത്തിൽ. പ്രളയംമൂലം കൈത്തറിക്കുണ്ടായ നഷ്ട്ടവും ഉൽഭവവും വ്യത്യസ്ത സംഘടനകളുടെ വൈവിധ്യമാർന്ന പദ്ധതികളെക്കുറിച്ച് വിവരിക്കുന്നു.

അഞ്ചാം അധ്യായം ഉപസംഹാരം ആണ്. പ്രബന്ധത്തിലൂടെ ലഭിച്ച വിവരങ്ങളും അറിവുകളും ക്രോഡീകരിക്കുന്നു.

## രീതിശാസ്ത്രം

ഇതൊരു വിവരണാത്മക ചരിത്ര പഠനമാണ്. ചേന്ദമംഗലം കൈത്തറിയുടെ ചരിത്രം, ഉത്ഭവം , വളർച്ച , അതിജീവനം എന്നീ തലങ്ങളിൽ നിന്നുകൊണ്ട് ഈ പഠനം നടത്തിയിട്ടുള്ളത്. ഈ പ്രബന്ധ രചന പ്രാഥമിക ഉറവിടങ്ങളെക്കാൾ കൂടുതൽ ദ്വിതീയ ഉറവിടങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. വർത്തമാനപത്രങ്ങൾ, ആർട്ടിക്കിൾ, തീസീസ്, യൂട്യൂബ് മാധ്യമം എന്നിവ പഠനത്തിനായി ഉപയോഗിച്ചു.

## പരിമിതികൾ

ചേന്ദമംഗലം കൈത്തറിയെ കേന്ദ്രീകരിച്ചുള്ള ആധികാരികമായ പഠനങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. കൈത്തറിയെ സംബന്ധിക്കുന്ന വളരെ കുറിച്ച് രേഖകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

.

# അദ്ധ്യായം- രണ്ട്

# ചേന്ദമംഗലം ചരിത്രവും പശ്ചാത്തലവും.

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ പട്ടണത്തിലെ കൈത്തറിക്ക് ആതിഥേയത്വം വഹിക്കുന്ന ഒരു ചെറിയ ഗ്രാമമാണ് ചേന്ദമംഗലം . കൊച്ചി നഗരത്തിൽ നിന്ന് 40 കിലോമീറ്റർ അകലെയാണ് ഈ ഗ്രാമം. സമൃദ്ധമായ പൈതൃക അവശിഷ്ടങ്ങൾ ഇവിടെ കാണുപ്പെടുന്നു.

ചേന്ദമംഗലത്തെ ഭൂമിശാസ്ത്രം പരിശോധിക്കുമ്പോൾ കാണുന്നത് മൂന്നു നദികളോടും ഏഴു കടലുകളോടും കുന്നുകളോടും കൂടി സ്ഥിതിചെയ്യുന്നു. ചേന്ദമംഗലം പ്രസിദ്ധമായ പെരിയാർ നദിയോടും ചാലക്കുടിയാറുമായി കര പങ്കിടുന്നത് ആയി കാണുന്നു.

### ചേന്ദമംഗലം സ്ഥിതി ചെയ്യുന്നത്

10°10’47” വടക്ക് അക്ഷാംശം, 76°12’35” കിഴക്ക് രേഖാംശം.

**ചേന്ദമംഗലത്തിലേക്കുള്ള സഞ്ചാര മാർഗ്ഗം**.

- എയർപോർട്ട് മാർഗ്ഗ സഞ്ചാരം :-

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം 19 കിലോമീറ്റർ

- റെയിൽവേ മാർഗ്ഗം :-

ആലുവ റെയിൽവേ സ്റ്റേഷൻ 17 കിലോമീറ്റർ

അങ്കമാലി /കാലടി റെയിൽവേ 18 കിലോമീറ്റർ

- ബസ് സ്റ്റേഷ ൻ :-

പറവൂർ പട്ടണത്തിൽ നിന്നും 3 കിലോമീറ്റർ.

മുസ്രിസ് പൈതൃക പ്രദേശത്തിൻറെ കീഴിലുള്ള ചേന്ദമംഗലം അന്ന് അറിയപ്പെട്ടിരുന്നത് “ജയാനന്ദൻ മംഗലം” അല്ലെങ്കിൽ “ചൂർണിമംഗലം” എന്നായിരുന്നു. പാണ്ഡ്യരാജാവായ ജയാനന്ദനെ നിന്നുമാണ് ഈ ഗ്രാമത്തിൻറെ നാമ ഉത്ഭവം. “ജയാനന്ദൻ്റെ മംഗലം” അഥവാ “കല്യാണം നടന്ന സ്ഥലം” എന്നാണ് ജയാനന്ദമംഗലം എന്നറിയപ്പെടുന്നത്. ചേന്ദമംഗലത്തെ കുറിച്ചുള്ള പരാമർശങ്ങൾ തമിഴ് സാഹിത്യങ്ങളിൽ നിറയെ ആണ്. ഉദാനന്ദ ശാസ്ത്രിയുടെ സംസ്കൃത പതിപ്പായ “കോകില സന്ദേശത്തിൽ” ജയാനന്ദമംഗലം എന്ന ഈ ചേന്ദമംഗലത്തെ പരാമർശിച്ചിട്ടുണ്ട്. കോകിലസന്ദേശത്തിൽ പരാമർശിച്ചിരിക്കുന്നത് ചേന്ദമംഗലം വാസിയായ നായികക്ക്, നായകൻ കിളിയേ ദൂതാക്കി പ്രണയസന്ദേശം അയച്ചിരുന്നുവെന്ന്.[1] ഇതിനെ ചുറ്റിപ്പറ്റിയുള്ള കഥയാണ് അദ്ദേഹം അതിൽ പറഞ്ഞിരിക്കുന്നത്. “ചേന്നൂട്ടി, ഷേനൂട്ട്” എന്നീ പേരുകളിലും ചേന്ദമംഗലം അറിയപ്പെടുന്നു. ജൂത പുസ്തകങ്ങളിൽ ഇവയുടെ പരാമർശം കാണുന്നു.[2]

1914 ലാണ് പഞ്ചായത്ത് ആരംഭിക്കുന്നത് വടക്ക് കിഴക്ക് തെക്ക് ഭാഗങ്ങൾ പുഴയുമായി അതിർത്തി പങ്കിടുന്നു . ജൂതന്മാർ, ക്രിസ്ത്യാനികൾ , മുസ്ലീങ്ങൾ ഹിന്ദുക്കൾ എന്നിവർക്കു പുറമേ കങ്കാണിമാർ ,മൂപ്പന്മാർ, ആശാരി , മൂശാരി, കൊല്ലൻ, തട്ടാൻ, കുശവൻ , എന്നിവരെയും ഈ ചേന്ദമംഗലം പ്രദേശങ്ങളിൽ വസിക്കുന്നു. ജാതി -മതഭേദമന്യേ എല്ലാ വിഭാഗക്കാരും മതസൗഹാർദ്ദമായി ഇവിടെ താമസിക്കുന്നു. ചരിത്രസ്മാരകങ്ങൾ ഇന്ന് ചേന്ദമംഗലത്തെ ചരിത്ര ശേഷിപ്പുകളാണ്

[1] https://www.muzirisheritage.org/history.php.

[2] ജെബി സെഗൽ, ഹിസ്റ്ററി ഓഫ് ദി ജൂസ്, എ വാലൻൈറൻ മെഷീൻ & കോ-ലിമിറ്റഡ്, ഇംഗ്ലണ്ട്, 1993, പു.35

**ചേന്ദമംഗലത്തെ പ്രധാന സ്മാരകങ്ങൾ :-**

**ജൂത സിനഗോഗ്**

ജൂത രാജാവായിരുന്ന സോളമൻ കടൽമാർഗം വഴിയാണ് മുസ്രിസ് തുറമുഖത്ത് എത്തുന്നത്. അങ്ങനെയാണ് കച്ചവടത്തിൻറെ പേരിൽ ആദ്യമായി ജൂതന്മാർ ഇവിടെ എത്തുന്നത്. കച്ചവടത്തിനായി എത്തിയ ജൂതന്മാർ അതിശക്തമായ കാറ്റും കടലാക്രമണവും കാരണം തിരികെ പോകാൻ കഴിഞ്ഞിരുന്നില്ല. ഇതേ തുടർന്ന് കൊച്ചിയിൽ അവർ താമസിക്കാൻ തുടങ്ങി . കിഴക്കിൻറെ ജെറുസലേം എന്ന് അറിയപ്പെടുന്ന കൊടുങ്ങല്ലൂരിൽ ആയിരുന്നു ആദ്യകാലങ്ങളിലെ താമസിച്ചിരുന്നത്. ക്രിസ്തു ഒന്നാം ദശകത്തിൽ പ്ലീനി മുസിരിസിനെ വിവരിക്കുന്നത് കപ്പലുകൾക്ക് പ്രവേശിക്കാൻ കഴിയാത്തതും അയൽപക്കങ്ങളിൽ കടൽകൊള്ളക്കാരുടെ ഉപദ്രവമുള്ളതുമായ സ്ഥലമായിട്ടാണ്. “ചെങ്കുട്ടുവൻ” എന്ന “ചേരമന്നൻ” കടൽ കൊള്ളക്കാരെ തുരത്തിയതായി പതിറ്റുപ്പത്തിൽ വിവരിക്കുന്നു.[3]

1524- ൽ ജൂതന്മാർക്ക് നേരെ പോർച്ചുഗീസ്-അറബ് ആക്രമണം ശക്തമായി.ഇതേതുടർന്ന് ജൂതന്മാർ കേരളത്തിലെ പല ഭാഗങ്ങളിലേക്കായി ചിന്നിച്ചിതറി.ഇന്ത്യയിൽ 5 തരം ജൂതന്മാർ ഉണ്ടായിരുന്നു. കേരളത്തിൽ 2 തരവും, കറുത്ത ജൂതമാരും, വെളുത്ത ജൂതന്മാരും. ഏ.ഡി 69-ൽ ജൂതന്മാർ ചേന്ദമംഗലത്തെ എത്തി എന്ന് പറയപ്പെടുന്നു. അവരിൽ കൂടുതൽ കറുത്ത വിഭാഗം ജൂതന്മാർ ആയിരുന്നു. ചേന്ദമംഗലം സിനഗോഗ് ജൂതന്മാരുടെ ആദ്യകാല വാസസ്ഥലമാണ്. 1420ലാണ് ചേന്ദമംഗലത്ത് ജൂതന്മാർ സിനഗോഗ് സ്ഥാപിക്കുന്നത്. ഈ വർഷത്തെ അവസാനങ്ങളിൽ സിനഗോഗ് അഗ്നിക്ക് ഇരയാകുന്നതിനും കാരണമായി . 1614ൽ സിനഗോഗ് പുന:സ്ഥാപിക്കുകയു ചെയ്തു.[4]

1614 ൽ നടന്ന പോർച്ചുഗീസ് ആക്രമണമാണ് സിനഗോഗ് അഗ്നിക്കിരയാക്കുന്നതിന് കാരണം എന്ന് വിചാരിക്കുന്നു.[5]

---

[3] രാഘവ വാരിയർ , രാജൻ ഗുരുക്കൾ , കേരള ഹിസ്റ്ററി , വള്ളത്തോൾ വിദ്യാപീഠം, കോട്ടയം, 1991, പു.83.

[4] ജെ.ബി സെഗൽ, എ ഹിസ്റ്ററി ഓഫ് ദി ജൂയ്സ്ഓഫ് കൊച്ചി, വാലൻറ്റെൻ മിഷൻ & ലിമിറ്റഡ്, ഇംഗ്ലണ്ട്,1993, പു. 31

[5] ജ ആർത്തൂർ വാറോൻഗർ, ദി സിനഗോഗ് ഓഫ് കേരള -ഇന്ത്യ ,2010 ,പു.141.

2005 -ൽ കേരള പുരാവസ്തു ഗവേഷണ വിഭാഗത്തിന് കീഴിൽ സിനഗോഗ് പുനഃസ്ഥാപിക്കപ്പെട്ടു. ചേന്ദമംഗലം സിനഗോഗ് കേരളീയ വാസ്തുശിൽപ പ്രകാരമാണ്പണി നടത്തിയിരിക്കുന്നത്.

## കോട്ടയിൽ കോവിലകം

വില്ലാർവട്ടത്തിലെ ക്ഷത്രിയ തലവന്മാരുടെ ഇരിപ്പിടമായിരുന്ന കോട്ടയിൽ കോവിലാകം കേരളത്തിൻ്റെ ചരിത്രത്തിൽ നിർവചിക്കപ്പെട്ട പങ്കുണ്ട്. . രേഖകൾ അനുസരിച്ച്, കോട്ടയിൽ കോവിലാകം സ്ഥാപിതമായത് പെരുമാക്കൻമറിന്റെ കാലഘട്ടത്തിലാണ്. ചരിത്രകാരന്മാർ ഈ സ്ഥലത്തെക്കുറിച്ച് 'സംഘ കല കൃതികളിൽ പരാമർശിക്കുന്നു. കോട്ടയിൽ കോവിലാകത്തിന്റെയും പാലിയാത്തച്ചൻമാരുടെയും അല്ലെങ്കിൽ പഴയ കൊച്ചി മഹാരാജാക്കന്മാരുടെ പ്രധാനമന്ത്രിമാരുടെയും ചരിത്രവുമായി ശക്തമായ ബന്ധമുണ്ട്. പോർച്ചുഗീസുകാരെ പരാജയപ്പെടുത്താൻ സഹായിച്ചതിന് 1663 ൽ ഡച്ചുകാർ പാലിയാത്തച്ചൻമാരോട് നന്ദി പ്രകടിപ്പിക്കുന്നതിനായി പാലിയംകോട്ട (കോട്ട) പണിതു. കോട്ടയ്ക്കകത്ത് സ്ത്രീകൾക്കായി പ്രത്യേകം ഒരു കോവിലാകോം (കൊട്ടാരം) നിർമ്മിച്ചു, അതിനാൽ കോട്ടയിൽ കോവിലകം എന്ന പേര്. 1790-ൽ ടിപ്പു സുൽത്താന്റെ കൊള്ളയടിക്കുന്ന സൈന്യം ഈ സ്ഥലത്ത് എത്തിയപ്പോൾ പാലിയം കുടുംബത്തിലെ പരിപാലകരിലൊരാളായ മുഹമ്മദ് കോയ കൊല്ലപ്പെട്ടതായും അദ്ദേഹത്തിന്റെ അവസാന കർമ്മങ്ങൾ പാലിയം ആളുകൾ നടത്തിയതായും രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീകൃഷ്ണ ക്ഷേത്രത്തോട് ചേർന്ന് കിടക്കുന്ന കൊട്ടയിൽ കോവിലാകോമിലെ പള്ളി ഈ സൗഹൃദത്തിന്റെ സാക്ഷ്യമാണ്. പള്ളിയോട് ചേർന്നുള്ള ഇടുങ്ങിയ റോഡ്, യഹൂദ സെമിത്തേരിയിലേക്ക് നയിക്കുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ ജൂതന്മാർ ഇവിടെ സ്ഥിരതാമസമാക്കിയിരുന്നു അവർ പണിത സിനഗോഗ് ഇപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും യഹൂദന്മാർ എല്ലാവരും കുടിയേറി.[6]

---

[6] ദി ഹിന്ദു,കെ പ്രദീപ്, ജേർണി ബാക്ക് ഇൻ ടൈം, 21 ജൂൺ 2012

കൊട്ടാരത്തിൽ അന്തർജനങ്ങൾക്ക് വേണ്ടിയുള്ള മഹാവിഷ്ണു ക്ഷേത്രവും ഇവിടത്തെ പ്രത്യേകതയാണ് . ഈ ക്ഷേത്രത്തിന് ഏകദേശം 2000 വർഷം പഴക്കമുണ്ട് ഈ പ്രദേശവും ഈകൊട്ടാരവും ഇന്ന് പുരാവസ്തു പഠനവിഭാഗത്തിൽ കീഴിലാണ്.[7]

## പാലിയം കൊട്ടാരം

കൊല്ലവർഷം 838-ാം ആണ്ടു വീരകേരള മഹാരാജാവിൻ്റെ ഭരണ കാലം മുതലാണ് പാലിയത്തച്ചൻ കൊച്ചിയിലെ പ്രധാനമന്ത്രി സ്ഥാനം അലങ്കരിച്ചത്. പിന്നീട് ഏകദേശം ഒരു ദശബ്ദം കൊച്ചിയിലെ പ്രധാനമന്ത്രിയായും സൈന്യാധിപനായും പാലിയത്തച്ഛൻ തന്നെ പാരമ്പര്യമായി ഭരണം നടത്തി.[8]

17-ാം നൂറ്റാണ്ടിലാണ് പാലിയത്തച്ഛൻമാർക്ക് വേണ്ടി പാലിയം കൊട്ടാരം സ്ഥാപിച്ചത്. കൊച്ചി രാജാവിൻ്റെ ദിവാനായിരുന്നു. പതിനേഴാം നൂറ്റാണ്ടിൽ വില്ലാർവട്ടം ഭരിച്ചിരുന്ന അപ്പതിരി കോയിൽ അധികാരി, മകനായ പാലിയത്തച്ചന് ഇഷ്ടദാനം നൽകിയതാണ് രാജകീയ അധികാരത്തോട് കൂടിയ ഈ സ്വരൂപസ്ഥാനം . പാലിയത്തുകാർ അക്കാലത്താണ് ചേന്ദമംഗലത്ത് വന്നിരിക്കുന്നു എന്ന് കരുതപ്പെടുന്നു. [9]

പോർച്ചുഗീസുകാരെ പരാജയപ്പെടുത്തുവാൻ സഹായിച്ചതിനെ തുടർന്ന് ഡച്ചുകാർ സഹായ സമ്മാനമായി പാലിയത്തച്ചന് നൽകിയതാണ് പാലിയംകൊട്ടാരം. തികച്ചും കേരളീയ വാസ്തുശിൽപ മാതൃകയിലാണ് പാലിയംകൊട്ടാരം നിർമ്മിച്ചിരിക്കുന്നത്. ഭരണകാര്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചിരുന്ന ഈ കൊട്ടാരത്തിൽ സ്ത്രീകൾ താമസിച്ചിട്ടില്ല. അതായത് ഈ കൊട്ടാരം ഒരു ഔദ്യോഗിക വസതി ആയിരുന്നു എന്ന് കണക്കാക്കാം. കൊച്ചിയിൽ "പാതി പാലിയം" എന്നൊരു പഴമൊഴിയുണ്ട് കൊച്ചിയിൽ പകുതിയോളം പാലിയം എന്നാണ് അർത്ഥമാക്കുന്നത്. ചരിത്രങ്ങളിൽ ഇടം നേടിയ പ്രധാന പാലിയത്തച്ഛൻമാരായിരുന്നു. കോമിയച്ഛൻ ഒന്നാമൻ(1779-1825) , ഗോവിന്ദനച്ഛൻ വലിയചൻ , രാമ വല്യച്ഛൻ ( 1915-1940), കോമിയച്ഛൻരണ്ടാമൻ .

---

[7]https://www.muzirisheritage.in/kottayil-kovilakam.htm

[8] കെ.പി പത്മനാഭ മേനോൻ, കൊച്ചിരാജ്യ ചരിത്രം, മാതൃഭൂമി ബുക്ക്സ്, എറണകുളം, 1989,പു.74.

[9] ബി. പ്രസാദ്, കേരള ഹിസ്റ്ററി മ്യൂസിയം പാലിയം കോവിലകം, ഫൈവ്സ്റ്റാർ ഓഫ് സെറ്റ് പ്രിൻ്റെഴ്സ്, എറണാകുളം, 2015,പു.26-28.

കോമിയച്ഛൻ ഒന്നാമൻ കാലത്ത് അദ്ദേഹം ഡച്ചുകാരുടെ സഹായത്തോടെ പോർച്ചുഗീസുകാരെ പുറത്താക്കി ഇതോടെ കൊച്ചിരാജ്യം ഡച്ചുകാരുടെ കീഴിലായി. ഡച്ച് - പാലിയം സൗഹൃദത്തിന് ഇത് തുടക്കം കുറിച്ചു.

മറ്റൊരു പ്രധാന പാലിയത്തച്ഛൻ ആയിരുന്നു കോമിയച്ഛൻ രണ്ടാമൻ . ഇദ്ദേഹം 30 വർഷം കൊച്ചിയുടെ ദിവാനായിരുന്നു ഇദ്ദേഹത്തിൻറെ കാലഘട്ടത്തിൽ തൃശ്ശൂർ കൈക്കലാക്കാൻ സാമൂതിരി ശ്രമം നടത്തുകയായിരുന്നു. ഇതേ തുടർന്ന് പാലിയത്തച്ഛൻ ഒരു സൗഹൃദ സന്ധിയിൽ 1761-ൽ ഒപ്പിട്ടു. ഈ സന്ധി “അച്ഛൻ പ്രമാണം” എന്നറിയപ്പെട്ടു.[10]

രാമൻ വല്യച്ഛൻ 1915- ൽ കുടുംബത്തിന് തലവനായിരുന്നു ഇദ്ദേഹം ചേന്ദമംഗലം ജനങ്ങളുടെ ക്ഷേമത്തിനായി നടപടികൾ സ്വീകരിക്കുന്നതിന് പ്രധാന പങ്കുവഹിച്ചിരുന്നു. ഇദ്ദേഹത്തിൻറെ കാലഘട്ടത്തിൽ അദ്ദേഹം എടുത്ത പ്രധാന തീരുമാനങ്ങളിൽ ഒന്നായിരുന്നു കുടുംബത്തിൻറെ വരുമാനത്തിൽ 1/3 മതസ്ഥാപനങ്ങൾക്കും പൊതുജനക്ഷേമതിനുമായി നീക്കിവയ്ക്കുക എന്നത്. ഗതാഗതം, ജലവിതരണം, വിദ്യാഭ്യാസം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി .സ്കൂൾ, ഇംഗ്ലീഷ് സ്കൂൾ എന്നിവ ഇദ്ദേഹത്തിൻറെ കാലഘട്ടത്തിൽ സ്ഥാപിക്കപ്പെട്ടു. വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകി . പെൺകുട്ടികൾക്കായി പ്രത്യേക വിദ്യാലയം തുറന്നു. പറവൂർനെയും ചേന്ദമംഗലത്തെയും ബന്ധിപ്പിക്കുന്ന പാലം ഇദ്ദേഹം നിർമ്മിച്ചു. 1925 എ.ഡി (മലയാള വർഷം 1099) വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്ന എല്ലാവർക്കും 25000രൂപ ധനസഹായം അനുവദിച്ചു. കൊച്ചിയിലെ അവസാന ദിവാൻ ആയിരുന്ന ഗോവിന്ദൻ അച്ഛൻ മൂന്ന് വർഷം ഭരണം നടത്തി. ബ്രിട്ടീഷുകാരുടെ ദ്വിഭരണം പാലിയത്തച്ചനും ദളവയും എതിർത്തിരുന്നതായി കാണാം.[11]

പാലിയം ട്രസ്റ്റ് കീഴിലുള്ള പാലിയം കൊട്ടാരം ഇന്ന് മുസ്രിസ് പൈതൃക പ്രോജക്ടിന് കീഴിൽ ഒരു മ്യൂസിയം ആയി പ്രവർത്തിക്കുന്നു.

[10] Ibid., പു.29-30
[11] Ibid., പു.31-33.

## പാലിയം നാലുകെട്ട്

താമസിച്ചിരുന്ന ചേന്ദമംഗലത്ത് സ്ഥിതിചെയ്യുന്ന പാലിയം നാലുകെട്ട് 1786 -ൽ കുടുംബത്തിലെ മുതിർന്ന അംഗങ്ങൾ അവരുടെ സ്ത്രീകൾക്കും കുട്ടികൾക്കുമായി സ്ഥാപിച്ചു. ഒരു ചതുരാകൃതിയിലുള്ള കെട്ടിടമാണ് നാലുകെട്ട്, മധ്യഭാഗത്ത് ചതുരാകൃതിയിലുള്ള "നടുമുറ്റം" എന്നറിയപ്പെടുന്നു. ഇതിന് മധ്യഭാഗത്ത് ഒരു വലിയ മുറ്റവും ചുറ്റുമുള്ള മുറികളും പുറതളം ഉണ്ട്, അവിടെ അംഗങ്ങൾ വിനോദ പ്രവർത്തനങ്ങൾക്കുമായി ഒത്തുകൂടി.

കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒരുമിച്ച് ഭക്ഷണം കഴിക്കുന്ന ഒരു സാധാരണ ഡൈനിംഗ് ഹാളും അടുക്കളയും ഉണ്ടായിരുന്നു. തെക്കുഭാഗത്ത് എട്ട് കിടപ്പുമുറികളും അടുക്കളയും വടക്കുകിഴക്കൻ മൂലയിലുള്ള കിണറുമുണ്ട്. ഇരുനില കെട്ടിടമാണ്. കേരള ശൈലിയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. കുടുംബ അവകാശികളുടെ സുരക്ഷിതത്വത്തിനായി അറ, സ്ട്രോംഗ് റൂം എന്നിവ ഇവിടെയുണ്ട് തൊട്ടടുത്ത് തന്നെ പാലിയത്തച്ചന് കുടുംബക്ഷേത്രം ആയ പാലിയം പുതിയ തൃക്കോവിൽ ക്ഷേത്രവുമുണ്ട്. പണ്ടുകാലത്തെ ഒരു തുരങ്കവും നാലുകെട്ടിൻ ഉള്ളിലുണ്ട്.

പ്രസിദ്ധമായ പാലിയം സത്യാഗ്രഹം നടന്ന വഴികൾ കാണാം നാലുകെട്ടിനടുത്തായി. മനോഹരമായി സ്ഥാപിച്ചിട്ടുള്ള പ്രവേശന കവാടം. ആൺകുട്ടികൾക്ക് മേജർമാരാകുമ്പോൾ പ്രത്യേക ക്വാർട്ടേഴ്സ് നൽകി, വിവാഹത്തിന് ശേഷം അവർക്ക് ഭവനങ്ങൾ നൽകി.[12] പഴയ നാലുകെട്ട് അതേ പ്രൗഢിയോടെ ഇന്നും സൂക്ഷിച്ചിട്ടുണ്ട്.

## സെൻറ് തോമസ് പള്ളി

ചേന്ദമംഗലത്ത് നിന്ന് 10 കിലോമീറ്റർ ദൂരെ കൊടുങ്ങല്ലൂർ എന്ന സ്ഥലത്താണ് സെൻറ് തോമസ് പള്ളി സ്ഥിതിചെയ്യുന്നത് സുവിശേഷ പ്രസംഗത്തിനായി അയക്കപ്പെട്ട ക്രിസ്തുവിൻറെ 12 ശിഷ്യന്മാരിൽ ഒരാളായ സെൻതോമസ് ആണ് ഈ പള്ളി പണിതിരിക്കുന്നത് എന്ന ഒരു വിശ്വാസമുണ്ട്. സെൻതോമസ് സ്ഥാപിച്ചതിൽ ഏഴര ള്ളികളിൽ ഒരു പള്ളി ആയതിനാൽ സെൻറ് തോമസ് പള്ളി എന്നറിയപ്പെടുന്നു.

[12] www.paliam.in.

ഏ. ഡി 52 ലാണ് ഈ പള്ളി സ്ഥാപിച്ചിരിക്കുന്നത് എന്ന് തെളിവുകൾ വ്യക്തമാക്കുന്നത് ഈ കാലഘട്ടത്തിൽ ഇദ്ദേഹം മത പരിവർത്തനങ്ങൾ നടത്തിയിരുന്നു.[13] റോമിലെ സെൻറ് പീറ്റേഴ്സ് ബേസിലിക്കയുടെ മാതൃക തന്നെയാണ് ഈ സെൻതോമസ് പണിയും പിന്തുടരുന്നത്. സെൻതോമസ് ചർച്ച് സംസ്ഥാനത്തിലെ ആദ്യത്തെ പള്ളിയാണ. ഈ തീർത്ഥാടന കേന്ദ്രത്തിൽ പഴയകാലത്തെ വിശുദ്ധ തിരുശേഷിപ്പുകൾ ഉണ്ട്. പെരിയാർ നദിയുടെ മനോഹരമായ കരയിൽ സ്ഥിതിചെയ്യുന്ന ഈ പുണ്യസ്ഥലം ചരിത്രപരവും ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ പ്രധാന തീർത്ഥാടന കേന്ദ്രവുമാണ്.

### ഹോളി ക്രോസ് ചർച്ച്

കേരളത്തിലെ മുസിരിസ് ഹെറിറ്റേജ് ഏരിയയിൽ സ്ഥിതി ചെയ്യുന്ന ഹോളി ക്രോസ് ചർച്ച് ചരിത്രപരമായി പ്രധാനപ്പെട്ട ഒരു പള്ളിയാണ്. എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന പോർച്ചുഗലിൽ നിന്നുള്ള ജെസ്യൂട്ട് പുരോഹിതന്മാർ 1577 ൽ ഈ പള്ളി ആരംഭിച്ചു. മഹാനായ ക്രിസ്ത്യൻ മിഷനറിയായ വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഈ പള്ളിയുടെ പഴയ കെട്ടിടത്തിൽ താമസിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്നു.[14] ആദ്യ കാലങ്ങളിൽ കേരളത്തിലെ ക്രിസ്ത്യാനികൾ ഹിന്ദു ക്ഷേത്രങ്ങളുടെ മാതൃക പിന്തുടർന്ന് പള്ളികൾ പണിതു. എ.ഡി 1498-ൽ പോർച്ചുഗീസുകാർ വരുന്നതുവരെ പള്ളി വാസ്തുവിദ്യയെ സ്വാധീനിച്ച തദ്ദേശീയ പാരമ്പര്യം ഒരു ഇടവേളയുമില്ലാതെ തുടർന്നു. കേരളത്തിലെ സഭയുടെ ലാറ്റിനൈസേഷൻ നയത്തിന്റെ ഭാഗമായി, പള്ളി കെട്ടിടങ്ങളുടെ രൂപകൽപ്പനയിലും പോർച്ചുഗീസുകാർ പുതുമകൾ അവതരിപ്പിച്ു . ഹോളിക്രോസ് പള്ളിയുടെ ഭാഗമായി 1921 ൽ ആരംഭിച്ച സെന്റ് മേരീസ് എൽ. പി സ്കൂൾ, ചേന്ദമംഗലത്തിലെ വിവിധ സമുദായങ്ങളുടെ സൗഹാർദ്ദപരമായ ബന്ധത്തിന്റെ ഉത്തമ ഉദാഹരണമാണ്.[15]

[13]ആഷ്ണ സിംങ് & അർചന കൃഷ്ണപ്രസാദ്, എ ഡയനോക്കസിസ്റ്റിക്ക് സ്റ്റഡി ഓൺ ചേന്ദമംഗലം വീവേഴ്സ് സൊസൈറ്റി , 2019,പു.35.

[14] https://www.muzirisheritage.org/holy-crosschurch.php.

[15] Ibid.

## അദ്ധ്യായം – മൂന്ന്

# കേരള കൈത്തറി ചരിത്രവും ചേന്ദമംഗലം കൈത്തറി ഉൽഭവവും വളർച്ചയും.

തൊഴിലവസരത്തിൽ, ഇന്ത്യയിലെ കാർഷിക മേഖലയ്ക്ക് തൊട്ടുപിന്നാലെ രണ്ടാമത്തെ വലിയ മേഖലയാണ് കൈത്തറി മേഖല . കേരളത്തിലെ കൈത്തറി മേഖല ഒരു കാലത്ത് സംസ്ഥാനത്ത് ഏറെ പ്രസക്തമായിരുന്നു. [1]

നെയ്ത്തുകാരെ കുറിച്ച് സമകാലിക കേരളീയ രേഖകളിൽ പരാമർശമില്ല. നെയ്ത്തു തൊഴിലിൻ്റെ പ്രചാരം ലോപം തന്നെയാവാം ഇത് കാണിക്കുന്നത്. ഒരു പരുത്തി കൃഷി കേന്ദ്രം അല്ലാത്ത കേരളത്തിലേക്ക് നെയ്ത്തിനുള്ള നൂലും മറ്റും പുറമേ നിന്ന് വരികതന്നെ വീണ്ടു വേണ്ടായിരുന്നു എന്ന് ന്യായമായും ഊഹിക്കാം. പാണ്ഡ്യ ചോള ലിഖിതങ്ങളിലാവട്ടെ, നെയ്ത് നെയ്ത്തുകാരുടെ പല സംഘടനകളെ കുറിച്ചും അവയിലെ ഉപവിഭാഗങ്ങൾ കുറിച്ചും അവരുടെ സാമൂഹികവും സാമ്പത്തികവുമായ വശങ്ങളെ കുറിച്ചും വ്യക്തമായ വിവരങ്ങളുണ്ടുതാനും.[2]

കേരളത്തിലെ മിക്കവാറും എല്ലാ ഗ്രാമങ്ങളിലും കൈത്തറിയുടെ താളം കേൾക്കാം. നെയ്ത്ത് ഒരു ജീവിത രീതിയായ പുരുഷന്മാരും സ്ത്രീകളും നെയ്ത്തുകാരാണ്. ആദ്യകാലത്ത് ഭൂരിഭാഗം കൈത്തറി നെയ്ത്തുകാരും പാരമ്പര്യ നെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്നു. പ്രധാന നെയ്ത്തു സമൂഹങ്ങൾ ചാലിയാർ, ദേവാംഗങ്ങളുമാണ്.[3]

കേരളത്തിലെ പത്മചാലിയർ സമൂഹം, തുണി ഉൽപ്പാദനത്തിനായി നൂൽനൂൽപ്പും നെയ്ത്തും എന്നീ രണ്ട് പ്രധാന വശങ്ങൾ ആയിരുന്നു ഉപയോഗിച്ചിരുന്നത്. സമൂഹത്തിൽ ഒരു അനിവാര്യമായ കരകൗശല വർഗ്ഗം ആയിരുന്നു ഇവർ.

നെയ്ത്ത് സംഘങ്ങൾ തെരുവിലോ മറ്റു പ്രത്യേക കേന്ദ്രങ്ങളിലോ ആണ് സ്ഥിര താമസമാക്കിയിരുന്നത്. അത്തരം തെരുവുകളിലും കേന്ദ്രങ്ങളിലും അവർ

---

[1] സുകന്യ എസ്.എസ്, ദി കണ്ടീഷൻ ഓഫ് ഹാൻഡ് ലൂം ഇൻഡസ്ട്രി ആൻഡ് ഹാൻഡ്‌ലൂം വീവേഴ്സ് ഇൻ ദി പ്രസൻ്റ് എക്കണോമിക്സ് സിനാരിയോ - എ കേസ് സ്റ്റഡി ഓഫ് പ്രൈവറ്റ് ഹൗസ് ഹോൾഡ് യൂണിറ്റ് ഇൻ സൗത്തേൺ ട്രിവാൻഡ്രം, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, 18 ഡിസംബർ 2017.
[2] രാഘവ വാരിയർ , രാജൻ ഗുരുക്കൾ , കേരള ഹിസ്റ്ററി , വള്ളത്തോൾ വിദ്യാപീഠം, കോട്ടയം, 1991, പു.126.
[3] അനു വർഗീസ്, ഹാൻഡ് ലൂം ഇൻഡസ്ട്രി കേരള -എ സ്റ്റഡി ഓഫ് ദി മാർക്കറ്റിംഗ് ഇഷ്യൂ, സെപ്റ്റംബർ2015.

ഗണപതിയേയും ശിവനെയും അവരുടെ രക്ഷാധികാരികളായി ആരാധിച്ചിരുന്നു.[4] കേരളത്തിലെ നെയ്ത്തുകാരനായ ചാലിയർ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി തെരുവുകളിലായി പാർക്കുന്നവരാണ്.[5] "തന്തു" എന്ന കൈത്തറിയുമായി ബന്ധപ്പെട്ട വാക്ക് ഋഗ്വേദത്തിൽ കാണാവുന്നതാണ്.[6]

"തന്തുവായ" എന്ന് നെയ്ത്തുകാരനും," തന്തക" എന്നത് തറിയും "തന്തു" അല്ലെങ്കിൽ "സൂത്രം" എന്നത് നൂൽ ആണ് പ്രതിനിധീകരിക്കുന്നത്. തുണിത്തരങ്ങൾക്ക് ആവശ്യമായ നൂൽ മറ്റു സ്ഥലങ്ങളിൽ നിന്നും കേരളത്തിലെ നെയ്ത്തു കേന്ദ്രങ്ങളിലേക്കും കൊണ്ടുവന്നതായി കരുതപ്പെടുന്നു.[7] ഹിന്ദു ദൈവമായ വിഷ്ണുവിനെ "തന്തുവർധൻ " അഥവാ നെയ്ത്തുകാരൻ എന്ന് വിളിക്കുന്നു, കാരണം അയാൾ സൂര്യന്റെ കിരണങ്ങൾ തനിക്കുവേണ്ടി വസ്ത്രമായി നെയ്യുവെന്ന് പറയപ്പെടുന്നു.[8]

കേരളത്തിലെ കൈത്തറി കേന്ദ്രങ്ങളിൽ വച്ച് കൂടുതൽ ചരിത്ര പ്രാധാന്യ അർഹിക്കുന്നതാണ് ചേന്ദമംഗലം കൈത്തറി. കൊച്ചിയിലെ ദിവാനായിരുന്ന പാലിയത്തച്ചൻ്റെ കാലഘട്ടത്തിലാണ് കൈത്തറിയുടെ നിർമ്മാണം ചേന്ദമംഗലത്ത് ആരംഭിക്കുന്നത് പാലിയത്തച്ചൻ്റെ കുടുംബത്തിനു വേണ്ടിയായിരുന്നു കൈത്തറിയുടെ നിർമ്മാണം.

ആദ്യകാലങ്ങളിൽ പാലിയത്തച്ചൻ സ്വന്തം ആവശ്യങ്ങൾക്കുള്ള നേരിയത് തമിഴ്നാട്ടിൽ നിന്നായിരുന്നു ഇറക്കുമതി ചെയ്തിരുന്നത്. ഇവയുടെ മേൽ അമിത നിരക്കും ഏർപ്പെടുത്തിയിരുന്നു. ഇതേതുടർന്ന് കച്ചവടത്തിനായി പാണ്ടിനാട്ടിൽ നിന്നും മലയാളം അധികം വശമില്ലാത്ത തമിഴ്-തെലുങ്ക് കൂടി കലർന്ന ഭാഷ സംസാരിക്കുന്ന വിഭാഗം ചേന്ദമംഗലത്ത് എത്തി. ഗുണമേന്മയുള്ള പുടവയിലും നേരിയതിലും ആകൃഷ്ടനായ പാലിയത്തച്ചൻ അവരോട് ചേന്ദമംഗലത്ത് ഒരു നെയ്ത്തുശാല പണിയുവാൻ ആവശ്യപ്പെട്ടു ഇതിൻ്റെ അടിസ്ഥാനത്തിൽ ചേന്ദമംഗലത്ത് നെയ്ത്തുശാല ആരംഭിച്ചു.[9]

[4] കെ. കെ .എൻ കുറുപ്പ്, ഇന്ത്യൻ ജേണൽ ഓഫ് ട്രഡീഷണൽ നോളജ്, vol.7, ജനുവരി 2018, പു.50.
[5] രാഘവ വാരിയർ , രാജൻ ഗുരുക്കൾ , കേരള ഹിസ്റ്ററി , വള്ളത്തോൾ വിദ്യാപീഠം, കോട്ടയം, 1991, പു.126.
[6] വിജയ രാമസ്വാമി , ടെക്സ്റ്റൈൽസ് ആൻഡ് വീവേഴ്സ് ഇൻ മിഡീവൽ സൗത്ത് ഇന്ത്യ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ഡൽഹി, 1985,പു.2.
[7] കെ കെ എൻ കുറുപ്പ്,Op.cit.,പു.50.
[8] വിജയ രാമസ്വാമി,Op.cit. പു.2.
[9] ചേന്ദമംഗലം കൈത്തറിയുടെ കേന്ദ്രമായതെങ്ങനെ, മെയ് 17, 2018,10.30 pm.

കൈത്തറി കുലത്തൊഴിലാക്കിയ ചാലിയമാർ ആയിരുന്നു പത്മചാലിയാർ, ചാലിയാർ , ഭട്ട ചാലിയാർ . പാലിയത്തച്ഛൻ ഏതാനും ഈ കൂട്ടത്തിൽ ഉള്ള ചാലിയമാരെ ആന്ധ്രാപ്രദേശിൽ നിന്നും തമിഴ്‌നാട്ടിൽ നിന്നും ചേന്ദമംഗലത്തിൽ സ്ഥിര താമസമാക്കാൻ നിർബന്ധിപ്പിച്ചു. അതിനുവേണ്ടി ചാലിയമാർക്ക് താമസിക്കുന്നതിനും നെയ്ത്ശാലക്കുമായി സ്ഥലങ്ങൾ നൽകി.[10]

നെയ്ത്തിനുള്ള അസംസ്കൃത വസ്തുക്കൾക്കുപുറമേ നിന്നു തന്നെ വരേണ്ടിയിരുന്നതു കൊണ്ട് ചാലിയർക്കും പുറം ദേശങ്ങളുമായി നിരന്തരം ബന്ധം ആവശ്യമായിരുന്നു എന്ന കാര്യം ഉറപ്പാണ്. ഒരു വേള ചാലിയർ മധ്യ യുഗത്തിൽ, പുറമേ നിന്ന് കേരളത്തിലേക്ക് കാലാകാലങ്ങളിൽ കുടിയേറിപാർത്ത വരാവാം. മധ്യകാല ജാതികളിൽ ദക്ഷിണേന്ത്യയിലെങ്ങും കാണപ്പെടുന്നവരാണ് ചാലിയർ എന്നുകൂടി ഇവിടെ ഓർക്കാം.[11]

പരുത്തി കൃഷിയും നെയ്ത്തും വ്യാപകമായി നടത്തുന്ന സ്ഥലമായ ആന്ധ്രാപ്രദേശിൽ നിന്നും തമിഴ്‌നാട്ടിൽ നിന്നും ആണ് ഈ തൊഴിൽ സംഘം കേരളത്തിലേക്ക് കുടിയേറിയത് . മഴയ്ക്ക് വിധേയമായ ഒരു നാടാണ് കേരളം . പരുത്തി കൃഷിക്ക് അനുയോജ്യമല്ലാത്ത കാലാവസ്ഥയാണ് കേരളത്തിലുള്ളത്. “ഇടങ്കൈ”, “വലങ്കൈ” എന്നീ രണ്ട് വിഭാഗങ്ങളുണ്ട് ഇവർ പ്രവർത്തിക്കുന്നു. സ്പിന്നർമാരെയും നെയ്ത്തുകാരെയും പ്രതിനിധീകരിക്കുന്നു.[12] കസവുമുണ്ട്, വെള്ളമുണ്ട് എന്നീ വ്യത്യസ്ത തരത്തിലുള്ള മുണ്ടുകൾ ആണ് ആദ്യ കാലങ്ങളിൽ നെയ്തിരുന്നത്. [13]

ഇന്ത്യയിലുട നീളം പ്രത്യേക പ്രശസ്തി നേടിയ ഇനമാണ് “കേരള കസവ് സാരികൾ”. പ്രകൃതി ദത്തമായ നിറങ്ങളും ,ടെക്സ്റ്റും, ഗോൾഡൻ ബോർഡുമാണ് ഇവയ്ക്ക് നൽകിയിരിക്കുന്നത്. കേരളത്തിലെ കോട്ടൺ കൈത്തറി ഉൽപന്നങ്ങൾക്ക് ബ്ലീച്ച് ചെയ്യാത്തവയാണ് ആയതിനാൽ അവയെ “കോറ” ത്തുണി എന്ന് അറിയപ്പെടുന്നു.

---

[10] സഹാപ്പീഡിയ, ചേന്ദമംഗലം ഹാൻഡ്‌ലൂം :ഇൻറ്റർവെൻഷൻ ഇൻ ക്രാഫ്റ്റ് റിവൈവൽ,24 ഫെബ്രുവരി,2020.

[11] രാഘവ വാരിയർ , രാജൻ ഗുരുക്കൾ , കേരള ഹിസ്റ്ററി , വള്ളത്തോൾ വിദ്യാപീഠം, കോട്ടയം, 1991, പു.126.

[12] കെ കെ എൻ കുറുപ്പ്,Op.cit., പു.50.

[13] സഹാപ്പീഡിയ, ചേന്ദമംഗലം ഹാൻഡ്‌ലൂം :ഇൻറ്റർവെൻഷൻ ഇൻ ക്രാഫ്റ്റ് റിവൈവൽ,24 ഫെബ്രുവരി,2020

വിദേശ വിപണിപിടിച്ചെടുക്കുകയും അഭിമാനകരമായ ഒരു സ്ഥാനം നേടിയെടുക്കുകയും ചെയ്തിട്ടുണ്ട് ഇവയ്ക്ക് വിദേശ വിപണിയിൽ ഒരു പ്രൗഢകരമായ സ്ഥാനവും ലഭിച്ചിരുന്നു.[14]

മൂവായിരം വർഷങ്ങളുടെ തുടക്കത്തിൽ, കൈത്തറി വ്യവസായം ജാതിവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ളതല്ല, പിന്നീട് വ്യവസായം ക്രമേണ ജാതി അടിസ്ഥാനം ഏറ്റെടുത്തു. സ്കൂൾ വിദ്യാഭ്യാസം , അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക പരിശീലനത്തിന് വിധേയരാകാതെ പാരമ്പര്യമായി സ്വന്തം വീട്ടിലിരുന്ന് കലയോ കര കൗശലമോ പഠിച്ചിരുന്നു.[15] സവർണ്ണർ വസ്ത്രം ധരിച്ചപ്പോൾ അവർണർ വസ്ത്രധാരികളായിരുന്നില്ല. ആയതിനാൽ തന്നെ കൈത്തറി എന്നത് സവർണ്ണരുടെ ഒരു പ്രൗഢിയുടെ ചിഹ്നമായി മാറുന്നതിന് കാരണമായി.

ആദ്യകാലങ്ങളിൽ സവർണ്ണർക്ക് മാത്രം അർഹതയുള്ളത് ആയിരുന്ന വസ്ത്രധാരണം പിന്നീട് അവർണ്ണർക്കിടയിൽ സ്വാധീനം ഉളവാക്കി ഇതേതുടർന്നാണ് ഈഴവ സമൂഹവും കൈത്തറി ഉൽപാദനത്തിന് ഭാഗമായി തീർന്നത് . അന്നത്തെക്കാലത്ത് ഈഴവരുടെ കുലത്തൊഴിൽ ആയിരുന്നു തെങ്ങ്ചെത്ത് ശ്രീ നാരായണഗുരുവിനെ ആഹ്വാനം പ്രകാരം. തെങ്ങ് ചെത്ത് നിന്നും വ്യത്യസ്ത ജോലികളിലേക്ക് ജനങ്ങൾ തിരിഞ്ഞു. ഈഴവ സമൂഹം കൂടുതലും കൈത്തറി വ്യവസായത്തിന് പ്രാധാന്യം നൽകി തുടർന്ന് ചേന്ദമംഗലം കൈത്തറി ഗ്രാമമായി അറിയപ്പെടുവാൻ തുടങ്ങി.

നായർ സമുദായങ്ങൾക്കിടയിൽ പ്രൗഢിയുടെ ചിഹ്നമായി നെയ്ത്ശാലകൾ മാറി തറവാടിനോട് ചേർന്നുള്ള പറമ്പുകളിൽ ആണ് കൂടുതൽ നെയ്ത്ശാലകൾ സ്ഥാപിച്ചിരുന്നത് . 1930 ഓടുകൂടി ഒരു ഫാക്ടറി രൂപത്തിൽ കൈത്തറി മേഖല വളരുവാൻ തുടങ്ങി കെമിക്കൽ എൻജിനീയർ കൃഷ്ണൻകുട്ടി മേനോനാണ് ഇതിനു തുടക്കം കുറിച്ചത്.[16]

---

[14] സുകന്യ എസ് എസ്, ദി കണ്ടീഷൻ ഓഫ് ഹാൻഡ് ലൂം ഇൻഡസ്ട്രി ആൻഡ് ഹാൻഡ്‌ലൂം വീവേഴ്സ് ഇൻ ദി പ്രസൻറ്റ് എക്കണോമിക്സ് സിനാരിയോ - എ കേസ് സ്റ്റഡി ഓഫ് പ്രൈവറ്റ് ഹൗസ് ഹോൾഡ് യൂണിറ്റ് ഇൻ സൗത്തേൺ ട്രിവാൻഡ്രം, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, 18 ഡിസംബർ 2017.

[15] അക്കുരത്തി വെങ്കിടേശ്വര റാവു, ഹാൻഡ് ലൂം ഇൻഡസ്ട്രി ഇൻ ഇന്ത്യ - എ സ്റ്റഡി. നാഷണൽ കോ - ഓപ്പറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യ, ന്യൂഡൽഹി , 1973, പു.1.

[16] എ. സേതുമാധവൻ, ദി സാഗാസ് ഓഫ് മുസിരിസ്, നിയോഗി ഓഫ്സെറ്റ് പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി,2017, പു. 56.

നെയ്ത്തിൽ ആകൃഷ്ടരായ ചെറുപ്പക്കാർ ചെറിയ കേന്ദ്രങ്ങൾ ആരംഭിച്ചു അങ്ങനെ വന്നപ്പോൾ മുതലാളിമാർ തങ്ങളുടെ നെയ്ത്ത്ശാലകൾ അടച്ചുപൂട്ടുകയും ചെയ്തു . ഈ സാഹചര്യത്തിൽ അന്നത്തെ സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തന ഫലമായി 1955- ൽ തിരുവിതാംകൂർ-കൊച്ചി സൊസൈറ്റി ആക്ട് പ്രകാരം ചേന്ദമംഗലം സഹകരണ സംഘം സ്ഥാപിച്ചു . ഇന്നും ഈ സംഘം വഴിയാണ് കൈത്തറി ഉൽപാദന വിതരണം ഇവിടെ നടക്കുന്നത്. ഇതോടൊപ്പം പറവൂർ ഹൻഡ്ലൂം വീവേഴ്സ് സൊസൈറ്റി 3468 നിലവിൽവന്നു.[17]

1961ൽ പ്രാദേശിക നേതാവായ ഐ ജലീലിനെ നേതൃത്വത്തിൽ ചേന്ദമംഗലം നെയ്ത്തുകാരുടെ പ്രശ്നങ്ങൾ സാധൂകരിക്കുന്നതിനായി ഒരു യൂണിയനും തുടങ്ങി . പുറം കച്ചവടത്തിനായി ചേന്ദമംഗലം പുഴയരികിൽ ജെട്ടി സ്ഥാപിക്കുകയും ഉൽപ്പന്നങ്ങൾ കേരളത്തിലെ പല ഭാഗത്തേക്കും വള്ളത്തിൽ കയറ്റി അയക്കപ്പെട്ടിരുന്നു. കൊച്ചി, ബോംബെ എന്നിവിടങ്ങളിൽ ചേന്ദമംഗലം കൈത്തറി ഉൽപന്നങ്ങൾക്ക് നല്ല സ്വീകാര്യത യും കച്ചവടവും ലഭിച്ചു .[18]

1930 -കളിൽ കൈത്തറി തുണി വളരെ പ്രധാനപ്പെട്ട ഒരു ചരക്കായിരുന്നു, അതിനാൽ നെയ്ത്തുകാർ വാണിജ്യപരമായും രാഷ്ട്രീയപരമായും പ്രാധാന്യമുള്ളവരാണ്. സെൻഗുന്ദർ, ശാലിയാർ, ദേവാംഗർ, സൗരാഷ്ട്രർ തുടങ്ങിയ നെയ്ത്ത് സമുദായങ്ങൾ അവരുടെ ദൈനംദിന ഭക്ഷണത്തിനായി സമ്പാദിക്കാൻ കഠിനമായി പാടുപെട്ടു. [19]

യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിലേക്ക് പ്രത്യേകിച്ച് ദക്ഷിണേന്ത്യയിലേക്ക് തുണി വ്യാപാരത്തിനായി ആകർഷിക്കപ്പെട്ടു. ബ്രിട്ടീഷുകാർ നെയ്ത്തുകാരിൽ നിന്ന് തുണി വാങ്ങി, തുടക്കത്തിൽ വ്യത്യസ്ത തന്ത്രങ്ങൾ സ്വീകരിച്ചു, ഗുമസ്തന്മാരെ നിയമിച്ചു, നെയ്ത്ത് കേന്ദ്രങ്ങളിലേക്ക് പട്ടാളക്കാരെ വിന്യസിച്ചു, ഇടനിലക്കാരെ ജോലിക്ക് നിയോഗിച്ചു. ഈ തുണികൾ ഇന്തോനേഷ്യൻ ദ്വീപ സമൂഹത്തിൻറെ സുഗന്ധ വ്യഞ്ജനങ്ങൾക്കായി കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. മൂന്നാം കർണാടിക് യുദ്ധത്തിനു ശേഷം (1756-1763) ഇംഗ്ലീഷിന്റെ ആധിപത്യം പരമപ്രധാനമായി. 1733 ൽ ജോൺ കെയുടെ ഫ്ലൈ ഷട്ടിൽ ലൂം, 1738 ൽ ലോൺസ് പോൾ മ്യൂട്ട്, 1764 ൽ ജെയിംസ് ഹാർ ഗ്രെവ്സിന്റെ സ്പിന്നിംഗ് ജെന്നി കണ്ടെത്തി .[20]

---

[17] ചേന്ദമംഗലം കൈത്തറിയുടെ കേന്ദ്രമായതെങ്ങനെ, മെയ് 17, 2018,10.30 pm.
[18]സഹാപ്പീഡിയ,ചേന്ദമംഗലംഹാൻഡ്ലൂം: ഇൻറർവെൻഷൻ ഇൻ ക്രാഫ്റ്റ് റിവൈവൽ,24 ഫെബ്രുവരി,2020.
[19] റിച്ചാർഡ് എ ഫ്രാസ്റ്റ, വിവേഴ്സ് ഇൻ പ്രീ - മോഡേൺ സൗത്ത് ഇന്ത്യ, എക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ വീക്കിലി, vol. 10, 26 ജൂലൈ1975, പു. 119.
[20] അക്കുരത്തി വെങ്കിടേശ്വര റാവു, ഹാൻഡ് ലൂം ഇൻഡസ്ട്രി ഇൻ ഇന്ത്യ - എ സ്റ്റഡി, നാഷണൽ കോ -ഓപ്പറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യ, ന്യൂഡൽഹി. പു.21.

1860 -ൽ ബേസൽ മിഷനറികൾ നെയ്ത്തിൽ സാങ്കേതിക പരിഷ്കാരങ്ങൾ നടത്തിയിരുന്നു. ബേസൽ മിഷൻ വ്യവസായിക ദൗത്യത്തിൻെറ ഭാഗമായി നാല് തടിതൂണുകളോടുള്ള തറികൾ നവീകരിക്കുവാനായി തുടങ്ങി.[21]

കൈത്തറി ഉൽപന്നങ്ങളുടെ നാഴികക്കല്ലായിരുന്നു 1970-കളുടെ തുടക്കം അതിനാൽ തന്നെ കൈത്തറി ജോലികൾ വളരെ ആകർഷകമായ തൊഴിൽ ആയി മാറുകയും മറ്റു സമുദായങ്ങളിൽ നിന്നും നിരവധി വ്യക്തികൾ ഏറ്റെടുക്കുകയും ചെയ്തു.[22]

## നിർമ്മാണരീതി

- **അസംസ്കൃതവസ്തുക്കൾ:-**

പല നിറത്തിലുള്ള നൂൽ , ഗോൾഡ് നൂലുകൾക്ക് സംസാരിക്കും മറ്റുംഉപയോഗിക്കുന്നത് നിറങ്ങളുള്ള നൂൽ ധോത്തി നേരിയത് എന്നിവയുടെഅരികിൽ പിടിപ്പിക്കുന്നു .[23]

- **ക്യൂറിങ് ആൻഡ് വാഷിംഗ്** :-

കൈത്തറി നിർമ്മാണത്തിന് ഘട്ടമാണ് ക്യൂറിങ് നൂലുകെട്ട് വരാതെയും പൊട്ടിപ്പോകാതെ ഇരിക്കുന്നതിനുള്ള രീതിയാണ്. പറ്റി പിടിച്ചിരിക്കുന്ന അഴുക്കും, പശയും പോകുന്നതിനായി 10 ദിവസം സാധാരണ ഇതിനുശേഷം നൂൽ തറയിലിട്ടു ചവിട്ടി വൃത്തിയാക്കുന്നു. വൃത്തിയാക്കിയ നൂൽ 24 മണിക്കൂർ 200 ഡിഗ്രി സെൻെറിഗ്രേഡിൽ പുഴുങ്ങി എടുക്കുന്നു . അവ വീണ്ടും ശുദ്ധമായ വെള്ളത്തിൽ മുക്കി എടുക്കുന്നു .[24]

- **ഡയിങ്** :-

[21] കെ കെ എൻ കുറുപ്പ്,Op.cit.,പു.51.
[22] അനു വർഗീസ്, ഹാൻഡ് ലൂം ഇൻഡസ്ട്രി കേരള -എ സ്റ്റഡി ഓഫ് ദി മാർക്കറ്റിംഗ് ഇഷ്യൂ, സെപ്റ്റംബർ2015.
[23] ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ, മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽ ഓഫ് ഇന്ത്യ, ചെന്നൈ, പു. 8.
[24] Ibid.,പു.9.

ഈ പ്രക്രിയ പുഴുങ്ങിയെടുത്ത നൂലിന് ആവശ്യമായ നിറം നൽകുന്നരീതിയാണ്. നിറം നൽകുവാൻ ഉദ്ദേശിക്കുന്ന നൂൽ കാസ്റ്റിംഗ് സോഡാ, സോഡ ആഷ് , സോപ്പ് എന്നിവയിൽ ഏകദേശം 24 മണിക്കൂർ തിളപ്പിക്കുന്നു . ഈ പ്രക്രിയ സ്കൌറിങ് എന്നു പറയുന്നു. സ്കൗറിങിനുശേഷം നൂൽ രണ്ടുമൂന്നു പ്രാവശ്യം സാധാരണ ശുദ്ധജലത്തിൽ കഴുകുന്നു പിന്നീട് ബ്ലീച്ചിംഗ് നടത്തുന്നു ഇതിനായി ബ്ലീച്ചിങ് പൗഡർ ജലം നീലം എന്നിവയിൽ വയ്ക്കുന്നു. അതിനുശേഷം ശുദ്ധജലത്തിൽ കഴുകി തണലിൽ ഉണക്കുന്നു. പിന്നീട് മൂന്നുദിവസം സൂര്യപ്രകാശത്തിൽ ഉണക്കുന്നു ഓക്സിഡേഷൻ പ്രക്രിയയിലൂടെയാണ് നൂലിന് നിറം ലഭിക്കുന്നത്.[25]

- **റാപ്പിംഗ്** :-

150 മീറ്റർ നീളത്തിൽ പാവ് ഓടുന്ന പരമ്പരാഗത രീതിയിലുള്ള യന്ത്രത്തിൽ ആണ് നൂൽ ചുറ്റിയെടുക്കുന്നത്. ഒരു പ്രാവശ്യം 80 നൂൽ ചുറ്റിയെടുക്കുന്നു. അങ്ങനെ വിവിധ രീതിയിൽ ആറായിരത്തോളം നൂൽ ചുറ്റിയടിക്കുന്നതിനുശേഷം അവ ഒന്നായി അഴിച്ചെടുത്ത് വെളുപ്പിന് നാലുമണിക്കും രാവിലെ 7.30-8 മണിക്കുള്ള അന്തരീക്ഷത്തിൽ നൂൽ വലിച്ചുകെട്ടി നേർത്ത ചൂടിലും കാറ്റിലും ഉണക്കുന്നു. നൂൽ ഇളം വെയിലിൽ ഉണക്കിയെടുക്കുന്നതിനാൽ ഈ പ്രക്രിയയെ "കുഞ്ഞിനെ പരിപാലിക്കുന്നത് പോലെ" എന്ന് നെയ്ത്തുകാർ വിശേഷിപ്പിക്കുന്നു.[26]

- **സൈസിംഗ്** :-

അടുത്തതായി വലിച്ചുകെട്ടിയ നൂലിൽ പശ തേക്കുന്നതാണ് . ഇത് നൂലു കട്ടി കൂട്ടുന്നതിനും ബലം വരുത്തുന്നതിനും സഹായകമാകുന്നു. ഇതിനായി പരമ്പരാഗത രീതി തന്നെയാണ് ഉപയോഗിക്കുന്നത്. അരിപൊടി വെള്ളത്തിലിട്ട് തിളപ്പിച്ചശേഷം അതിൽ ചെമ്പരത്തി താളി ചേർക്കുന്നു.

---

[25] Ibid.

[26] Ibid., പു.11

ഇങ്ങനെയാണ് ആദ്യകാലങ്ങളിൽ ചെയ്തുവന്നത്. എന്നാൽ ഇന്ന് മൈദ വെള്ളത്തിലിട്ട് തിളപ്പിച്ച് നേർപ്പിച്ച് ആ വെള്ളം മറ്റൊരു തോർത്ത് ഉപയോഗിച്ച് വലിച്ചുകെട്ടിയ നൂലിൽ അരിച് ഒഴിക്കുന്നു. നൂൽ ഉണങ്ങിയശേഷം ചകിരി നാരുകൾ കൊണ്ടുള്ള ബ്രഷ് ഉപയോഗിച്ച് വെളിച്ചെണ്ണയിൽ മുക്കി തേച്ചു പിടിപ്പിക്കുന്നു. ഇതും ഉണങ്ങിയശേഷം ചുരുട്ടി നെയ്ത്തിനായി ഉപയോഗിക്കുന്നു.[27]

- **വീവിങ്** :-

പരമ്പരാഗത രീതിയിലുള്ള യന്ത്രത്തിലാണ് നെയ്ത്തു നടത്തുന്നത്. നൂലുകൾ പകുത്തു മാറ്റുന്നതിനായി കാലുകൾ ഉപയോഗിക്കുന്നു, ഒരു കൈ കൊണ്ട് പാവിനകത്തേക്ക് കൂട് അടിച്ചുവിടുകയും മറ്റൊരു കൈ കൊണ്ട് ഷട്ടിൽ അടിക്കുകയും ചെയ്യുന്നു. ഒരു ദിവസം ഏകദേശം നാല് മീറ്റർ ഗുണമേന്മയുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്നു. നിർമ്മിച്ച വസ്ത്രങ്ങൾ ഇസ്തരിയിട്ട ശേഷം കച്ചവടത്തിനായി മാറ്റിവയ്ക്കുന്നു .[28]

ആദ്യകാലങ്ങളിൽ പേരുകേട്ട ഉത്സവങ്ങൾ അതായത് വിഷു ഓണം തുടങ്ങിയവയ്ക്ക് മാത്രമായിരുന്നു ചേന്ദമംഗലം കൈത്തറി ഉൽപാദനവും ഉപയോഗവും എന്നാൽ ഇന്ന് ആഗോളതലത്തിൽ വ്യാപാര സംഘടന ആയിട്ടുള്ള എല്ലാ രാജ്യങ്ങളിലും ചേന്ദമംഗലം കൈത്തറി ഉൽപ്പന്നങ്ങൾ വിൽപനക്കായി എത്തുന്നു.

ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ടാഗ് ഈ ഉത്പന്നത്തിന് ലഭിച്ചിട്ടുണ്ട് . ഇന്ന് ആഗോളതലത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധ ആകർഷിക്കപ്പെടുന്ന കൈത്തറി ഉല്പന്നമാണ് ചേന്ദമംഗലം കൈത്തറി. ആദ്യകാലങ്ങളിൽ ബോംബെ പോലുള്ള വൻ നഗരങ്ങളിലേക്ക് കൊച്ചി തുറമുഖം വഴി എത്തിച്ചിരുന്ന ഇവ ഇന്ന് ലോക രാഷ്ട്രങ്ങളിൽ തന്നെ ഏറ്റവും കൂടുതൽ ആകർഷിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ കൂട്ടത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

---

[27] Ibid., പു.12
[28] Ibid., പു.14

# അദ്ധ്യായം- നാല്

# ചേന്ദമംഗലം കൈത്തറി അതിജീവന പാഠങ്ങൾ

ചരിത്ര പ്രസിദ്ധമായ 99ലെ വെള്ളപ്പൊക്കം (1925) എന്ന വിശേഷിക്കപ്പെടുന്ന മഹാ വിപത്തിനുശേഷം കേരളം കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് 2018ലേത് കേരളത്തിലെ 54 ഡാമുകളിൽ 35 ഡാം തുറന്നു. അതിശക്തമായ മഴയായിരുന്നു കേരളത്തിൽ പ്രളയബാധിതമാക്കുന്നതിന് കാരണമായത്. 2018 ഓഗസ്റ്റ് 8 മുതൽ 17 വരെ കേരളത്തിലുണ്ടായ മഴ കാരണം കെട്ടി നിൽക്കപ്പെട്ട ഡാമുകളിലെ വെള്ളം തുറന്നു വിടാൻ ഗവൺമെൻറ് തീരുമാനിച്ചു. ഇതോടെയാണ് കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ വെള്ളപ്പൊക്കം ഉണ്ടാകുന്നത്. സംസ്ഥാനത്തെ മിക്ക ജില്ലകളിലും കനത്ത മഴയാണ് ലഭിച്ചത്. ഓഗസ്റ്റ് 10 ,11 ,12 തീയതികളിൽ 8 ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ഓഗസ്റ്റ് 16ന് 7 ജില്ലകൾക്ക് ഓറഞ്ച് അലർട്ടും , 7ജില്ലകൾക്ക് ചുവപ്പ് അലർട്ട് പ്രഖ്യാപിച്ചു.[1]

നെയ്തെടുക്കുന്ന പുത്തൻ തുണികളുടെ മണമായിരുന്നു മൂന്നാഴ്ച മുൻപ് വരെ ചേന്ദമംഗലം ഗ്രാമത്തിൽ ഉണ്ടായിരുന്നത്. എന്നാൽ കേരളത്തെ നടുക്കിയ പ്രളയജലം ചേന്ദമംഗലത്തെ തറികളും ഒഴുക്കിക്കൊണ്ടു പോയി അവശേഷിച്ചവ ചളി കയറി ഉപയോഗ ശൂന്യമായി തീരുകയും തുരുമ്പിടുക്കുകയും ചെയ്തു . ഓണക്കാലമായതിനാൽ ചേന്ദമംഗലത്തെ 2000 നെയ്ത്തുകാർക്ക് അവരുടെ ഏറ്റവും തിരക്കേറിയ സമയമായിരുന്നു. ആഗസ്റ്റ് മാസം പെരിയാറിലെ വെള്ളം അവരുടെ വീടുകളിലേക്കും , ഷോറൂംമുകളിലേക്കും യൂണിറ്റിലേക്കും ഫാക്ടറിയിലേക്കും ഒഴുകിയെത്തിയപ്പോൾ അവരുടെ പ്രതീക്ഷകളും ഒഴുകിപോയി. ചേന്ദമംഗലം കൈത്തറി വ്യവസായത്തിന് മൊത്തം നഷ്ടം ഏകദേശം 21 ലക്ഷംരൂപയാണ്. എട്ടടിയോളം ചേന്ദമംഗലത്തിൽ വെള്ളം ഉയർന്നു .[2]

150 വർഷത്തെ പാരമ്പര്യം ഉള്ള ചേന്ദമംഗലത്തെ കൈത്തറി പെരുമയാണ് പ്രളയ പെരുത്തിൽ വിറച്ചു പോയത് മഴ മാറി നിന്നതോടെ പ്രളയം ബാക്കിവച്ച തറികളിൽ

[1] കേരള ഫ്ലഡ് 1 ഓഗസ്റ്റ് മുതൽ 30 ഓഗസ്റ്റ് 2018 , സ്റ്റേറ്റ് റിലീഫ് കമ്മീഷണർ ഡിസാസ്റ്റർ മാനേജ്മെൻറ് , ഗവൺമെൻറ് ഓഫ് കേരള, 2018

[2] സീനാ ആൻറണി ,ചേന്ദമംഗലം കൈത്തറി മാഞ്ഞുപോകില്ല, 10 സെപ്റ്റംബർ 2018.

വീണ്ടും ജീവിതം നെയ്തെടുക്കാനുള്ള ശ്രമത്തിലാണു നെയ്ത്തുകാർ.[3] പ്രളയം ബാക്കി വെച്ച തറി വീണ്ടും ജീവിതം നേടിയെടുക്കാനുള്ള ശ്രമത്തിലാണ് ഫ്രണ്ട്സ് ഓഫ് ഫാഷൻ എന്ന കൂട്ടായ്മ.

പ്രളയത്തിൽ തകർന്നുപോയത് ചേന്ദമംഗലം എന്ന ബ്രാൻഡ് ആയിരുന്നു. കോഴിക്കോട് എറണാകുളം എക്സിബിഷന് വേണ്ടി കൊണ്ടുപോയിരുന്ന കൈത്തറിഉൽപ്പന്നങ്ങൾ മാത്രമേ പ്രളയത്തിൽ നിന്ന് രക്ഷ നേടിയത് . തറികളും പ്രളയത്തിൽ നഷ്ട്ടമായി. കേരള സംസ്ഥാന ഗവൺമെൻറ് യൂണിഫോം പദ്ധതിയുടെമേൽനോട്ടം കൈത്തറി യൂണിറ്റികൾക്കായിരുന്നു. പ്രളയം അതിൻെറ നാശനഷ്ട്ടത്തിന് കാരണമായി.

നെയ്ത്തുകാരുടെ ജീവിതമാർഗ്ഗം ഈ കൈത്തൊഴിൽ മാത്രമാണ്. പ്രാഥമിക കണക്കുപ്രകാരം 273 തറികൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇവയിൽ പലതും പൂർണമായും ഉപയോഗശൂന്യമായി. ഓണത്തിന് തയ്യാറാക്കിയിരുന്ന വസ്ത്രങ്ങൾ കുറെയേറെ പ്രളയത്തിൽ നശിച്ചു എങ്കിലും ബാക്കി വിറ്റഴിക്കാൻ കഴിഞ്ഞിരുന്നു. നെയ്ത്തുകാരിൽ 78% ത്തിൽ അധികം പേരുടെയും പ്രായം 50 മുകളിലാണ്. വിധവയായ സ്ത്രീകളുമുണ്ട്, വീടിൻറെ ഉത്തരവാദിത്വം ഈ സ്ത്രീകൾക്കാണ്.[4]

ജൂൺ മുതൽ ഇവിടെ പ്രശ്നങ്ങൾ ഉണ്ടായിരുന്നു ഏകദേശം 45 ദിവസമായി ഇവിടെ കാര്യങ്ങൾ അവതാളത്തിലാണ് കാര്യമായി നെയ്ത്തില്ല. പ്രളയം കൂടി എത്തിയപ്പോൾ എല്ലാ കണക്കുകളും താളംതെറ്റി ആറുമാസം കൂടി ഈ അവസ്ഥ തുടർന്നാൽ ഇവരിൽ പലരും നെയ്ത്തുപേക്ഷിച്ച് മറ്റു തൊഴിൽ നിർബന്ധിതരാകും. എന്നാൽ പലർക്കും ഈ തൊഴിൽ അല്ലാതെ മറ്റൊന്നും അറിയില്ല എന്നതാണ് യാഥാർത്ഥ്യം.

നെയ്ത്തുകൂട്ടിയ നാശനഷ്ടങ്ങളിൽ നിന്ന് കര കയറുന്നതിനായി നിരവധി കൂട്ടായ്മകൾ ഉയർന്നു . പ്രശസ്ത ഫാഷൻ ഡിസൈനെഴ്സായ ശാലിനി ജയിംസ്, പൂർണിമ ഇന്ദ്രജിത്ത്എന്നിവർ ഇതിന് ചുക്കാൻ പിടിച്ചു. ചെറിൽ പൊതിഞ്ഞ കൈത്തറി തുണികൾ കത്തിക്കുക എന്നതല്ലാതെ വേറൊരു മാർഗ്ഗവും ചേന്ദമംഗലകാരുടെ മുൻപിൽ ഉണ്ടായിരുന്നില്ല. സാമൂഹിക സംരംഭകരായ ലക്ഷ്മി മേനോൻറെയും, ഗോപിനാഥ് പാറയിലിൻെറയും നേതൃത്വത്തിൽ “ചേക്കുട്ടി” എന്ന ആശയം

[3] Ibid.
[4] Ibid.

ഉടലെടുക്കുന്നത്. നശിച്ചുപോയ കൈത്തറി തുണികളിൽ നിന്നും ആയിരുന്നു ചേക്കുട്ടിയുടെ ഉത്ഭവം.[5]

സർക്കാരും മറ്റു നിരവധി കൂട്ടായ്മകളും ചേന്ദമംഗലത്തെ സഹായിക്കാൻ മുന്നോട്ടു വരുന്നുണ്ട് എന്നാൽ സർക്കാർ നടപടികളിലെ കാലതാമസം ഒഴിവാക്കാനാണ് ജനകീയ കൂട്ടായ്മയിലൂടെ കൈത്തറിയെ സംരക്ഷിക്കുന്നതിനുള്ള പ്രൊജക്റ്റ് രൂപകൽപ്പന ചെയ്തത്.

## ആരാണ് ചേകുട്ടി

ചേക്കുട്ടി ഇതൊരു മലയാളപദം ആണ് ചേക്കുട്ടി എന്ന പദത്തിന് പലഅർത്ഥങ്ങൾ കാണാം. ചേന്ദമംഗലംകുട്ടി അല്ലെങ്കിൽ ചേറിനെ അതിജീവിച്ചവൾ ( ചേറ്=ചെളി. ). ചേകുട്ടിക്ക് ഒരു പ്രത്യേക ലിംഗം ഇല്ല. ആൺ, പെൺ, ട്രാൻസ്ജെൻഡർ ഏതുരീതിയിലും പ്രേക്ഷകർക്ക് കാണാം. ചേറുപുരണ്ട ഓരോ സാരിയും ക്ലോറിനൈേസഷനു ശേഷം ചേക്കുട്ടി എന്ന പാവയിലേക്ക് മാറ്റപ്പെടുന്നു. അങ്ങനെ ഓരോ സാരിയിൽ നിന്നും ഏകദേശം 300 മുതൽ 365 ചേകുട്ടികൾ വരെ ജന്മമെടുക്കുന്നു. ഒരു സംഘടന മാത്രമല്ല കൈത്തറി തൊഴിലാളികളും, വിദ്യാർഥികളും, വ്യവസായികളും അങ്ങനെ പലരും ആയിരുന്നു ചേകുട്ടിയുടെ പിറവിക്ക് പിന്നിൽ. ആയതിനാൽ തന്നെ ചേക്കുട്ടികേരളം ഒന്നായി തുന്നിക്കെട്ടിയ കുട്ടിയായി.

9 രാജ്യങ്ങളിൽ നിന്ന് പല വോളണ്ടിയർമാരും ചേക്കുട്ടി നിർമ്മാണത്തിനായി പങ്കുചേർന്നു. ആറു മാസങ്ങൾ കൊണ്ട് പരമാവധി ചേകുട്ടികൾ ഉടലെടുത്തു . 25 രൂപയായിരുന്നു ഓരോ ചേകുട്ടിക്കും ഈടാക്കിയിരുന്നത് . ഇതിൽ നിന്നുംലഭിക്കുന്ന വരുമാനം സൊസൈറ്റിക്ക് നൽകുകയായിരുന്നു ലക്ഷ്യം. ജനീവയിൽ വച്ച് നടന്ന ഐക്യരാഷ്ട്ര പുനർ നിർമ്മാണ സമ്മേളനത്തിൽ ലോക ബാങ്ക് അവിടത്തെ പ്രതിനിധികൾക്ക് ചേകുട്ടി സമ്മാനമായി നൽകി.[6]

[5] ദി ഹിന്ദു, ശ്യാമ രാജഗോപാൽ , ചേക്കുട്ടി ടു ഹെൽപ് വീവ് ടു ഗെദർ ഫ്ലഡ്- റവേജ്ഡ് ചേന്ദമംഗലം, 10 സെപ്റ്റംബർ 2018.
[6] അതിജീവനത്തിന് കഥ പറയും ചേക്കുട്ടി, 26 നവംബർ 2018 ,10 30 pm

## ചേക്കുട്ടി എന്ന ആശയം

2004 ദക്ഷിണേന്ത്യൻ തീരത്ത് ഉണ്ടായ വിനാശകരമായ സുനാമിയിൽ ജീവിതത്തിൽ എല്ലാം നഷ്ടപ്പെട്ട നൂറുകണക്കിന് സ്ത്രീകൾക്ക് പ്രതീക്ഷ നൽകുന്ന "സുനാമിക" എന്ന പാവ ഉമ പ്രജാപതി എന്ന സാമൂഹ്യ സംരംഭകയാണ് ജന്മം നൽകിയത് . ഈ പാവകൾ വിൽപ്പന നടത്തിയിരുന്നില്ല. എന്നാൽ സമ്മാനമായി നൽകപ്പെട്ടു . "സുനാമിക" എന്ന പ്രതീക്ഷയുടെ പാവയുടെ മാതൃയാണ് പിന്നീട് കേരളത്തിൻറെ അതിജീവനത്തിനായി രൂപംകൊണ്ട ചേക്കുട്ടിയും.[7]

## കേരളത്തിൻറെ ഭൂമിക

കേരളത്തിൻറെ പ്രളയ അതിജീവനത്തിൻറെ മറ്റൊരു നവോദയം ആണ് ഭൂമിക. ചേന്ദമംഗലംതുണി മാത്രമല്ല എല്ലാത്തരം തുണികൾക്കൊണ്ട് ഭൂമികനിർമ്മിക്കപ്പെട്ടു. തുണി കൊണ്ട് ഉണ്ടാക്കിയ ഒരു വഞ്ചിയിൽ തുണി കൊണ്ടുണ്ടാക്കിയ പാവ അതായിരുന്നു ഭൂമിക . ഭൂമിയുടെ പിറവിക്ക് പിന്നിൽ ഡിസൈനർ ആയിരുന്നു ദീപക്. വിനാശകരമായ വെള്ളപ്പൊക്കത്തിൽ ആയിരങ്ങളെ രക്ഷിച്ച ബോട്ടുകളുടെ പ്രതീകമായാണ് ഭൂമിക ഇരിക്കുന്ന ബോട്ട് കാണപ്പെട്ടത് . ഭൂമികയുടെ നെറ്റിയിലെ ചുവന്ന പൊട്ട് പ്രതീക്ഷയെ സൂചിപ്പിക്കുന്നു.ഒരു ഭൂമികക്ക് 101 രൂപയാണ് ഈടക്കിയത്. ഇതിൽ നിന്നുംലഭിക്കുന്ന വരുമാനം സൊസൈറ്റിക്ക് നൽകുകയായിരുന്നു . ഛായാഗ്രാഹകൻ രവിവർമനാണ് ആദ്യ പാവ വാങ്ങിയത്, അത് അഭിനേതാക്കളായ കത്രീന കൈഫിനും സിദ്ധാർത്ഥ് മൽഹോത്രയ്ക്കും സമ്മാനിച്ചു.[8]

[7] ദി പ്രിൻറ് , റോഷ്നി സ്വാമി , ഭൂമിക ആൻഡ് ചേക്കുട്ടി ഹാൻഡ് മെയ്ഡ് ഡോൾസ് ഹെല്പിങ് കേരള ഫ്ലഡ് ഹിറ്റ് ഗെറ്റ് ബാക് ഓൺ ദെയർ ഫീറ്റ്, 6 ഒക്ടോബർ 2018.
[8] മീറ്റ് ഭൂമിക-ദി മസ്കറ്റ് ഡോൾ വുവൺ ഫ്രം ദി റുയ്ൻസ് ഓഫ് കേരള ഫ്ലഡ്സ് , 23സെപ്റ്റംബർ 2018.

**ചേന്ദമംഗലം കൈത്തറി ഭൂപടം**

പ്രളയത്തിനുശേഷം ചേന്ദമംഗലം അതിജീവനത്തിനായി മുന്നോട്ടിറങ്ങിയ ഇടയ്ക്കാണ് പറവൂർ ചിറ്റാറ്റുകരയിൽ ഐശ്വര്യ എന്ന കുടുംബശ്രീ യൂണിറ്റ് രൂപംകൊണ്ടത്. 10 അംഗങ്ങൾ ഉള്ള ഈ സംഘം ചേന്ദമംഗലം നെയ്ത്തുശാലയിൽ നിന്ന് പ്രളയം കൊണ്ട സാരികൾ വാങ്ങുകയും അതിൽനിന്ന് കേരളത്തിൻറെ മാതൃകയിൽ ഭൂപടം നിർമ്മിക്കുകയും ചെയ്തു. സാരിയിൽ നിന്നും വെട്ടിയ കേരളമാതൃക വെള്ളപേപ്പറിൽ വച്ച് ഒട്ടിച്ചുഫ്രെയിം പോലെ ആകുന്നു. കരകയറാൻ കൈത്തറിക്ക് ഒരു താങ്ങ് എന്നഫ്രെയിമിൽ എഴുതി. ഒരു സാരിയിൽ നിന്ന് ഏകദേശം 350 കേരള മാതൃകയിൽ ഒട്ടിക്കുകയും ഈ ഭൂപടത്തിൽ 100 രൂപ ഈടാക്കി തുക എല്ലാം ചേന്ദമംഗലംകൈത്തറി സൊസൈറ്റിക്ക് നൽകുകയും ചെയ്തു.[9]

ചേകുട്ടിക്ക് ആഗോള തലത്തിൽ ശ്രദ്ധ നേടുന്നതിന് വളരെയധികം സഹായകരമായതാണ് ടിക്കറ്റിനൊപ്പം യാത്രക്കാർക്ക് ചേകുട്ടിയെ സമ്മാനമായികുവൈറ്റ് എയർലൈൻസ് കമ്പനിയായ ജസീറ എയർവെയ്സ് നൽകിയത്. ചെറുകിട ബിസിനസ് സംരംഭകർ മുതൽ കോ-ഓപ്പറേറ്റീവ് ബിസിനസ്സംരംഭകർ വരെ ചേകുട്ടിയെ പ്രതീക്ഷയുടെ അടയാളമായി കാണുകയും “ചേകുട്ടി” എന്ന ബ്രാൻഡിൻറെ സാധ്യത മനസ്സിലാക്കി.

ചെളിപുരണ്ട തുണികൾ ക്ലോറിനൈസേഷൻ നടത്തി വ്യത്യസ്തമായ ഫാഷനിൽ വസ്ത്രങ്ങൾ നിർമ്മിക്കുകയും അത് ഫാഷൻ രംഗത്ത് വളരെയധികം ശ്രദ്ധ ആകർഷിക്കുകയും ചെയ്തു. ഫ്രണ്ട്സ് ഓഫ് ചേന്ദമംഗലം, സേവ് ലൂം ഫ്രണ്ട്സ്, എന്നീ സംഘടനകൾ ചേന്ദമംഗലം കൈത്തറിയെ പ്രളയക്കെടുതിയുടെ തകർച്ചയിൽ നിന്നും കൈപിടിച്ചുയർത്തി.

ചേക്കുട്ടി പാവയുടെ സ്വീകരണം ലോക രാജ്യങ്ങൾക്കിടയിൽ ചേന്ദമംഗലം കൈത്തറിയുടെ മഹിമയും പൈതൃകവും ഉയർത്തുന്നത് കാരണമായി. നഷ്ടപെട്ടവ തിരിച്ചു പിടിക്കുവാൻ കഴിയില്ല എന്ന തോന്നലുകൾക്കു ഒരു അസ്തമയം നല്കാൻ ചേക്കുട്ടിക്ക് കഴിഞ്ഞു.

[9] മാപ്പ് ഫ്രം ചേന്ദമംഗലം ഫാബ്രിക് റീബിൽഡിംഗ് കേരള , 14 ഡിസംബർ 2018,12 am.

ഓരോ വ്യക്തിയും ഓരോ അർത്ഥങ്ങൾ ചേകുട്ടിക്ക് നൽകി. ചേറിനെപ്രണയിചവൾ, ചേറിൽ നിന്നും ഉയർത്തെഴുന്നേറ്റവൾ, പ്രളയത്തെ അതിജീവിച്ചവൾ എന്നിങ്ങനെ. പ്രളയം സൃഷ്ട്ടിച്ച ആഘാതത്തിൽ നിന്നും കേരളം എങ്ങനെ കരകയറി എന്നതിൻെറ അടയാളമാണ് ചേക്കുട്ടി.

# അദ്ധ്യായം – അഞ്ച്

# ഉപസംഹാരം

എൻ്റെ ഈ പ്രബന്ധം കൈത്തറിയും അതോടൊപ്പം ചേന്ദമംഗലം കൈത്തറിയും എത്രത്തോളം സാംസ്കാരികപരമായി പ്രതിനിധാനം ചെയുന്നുണ്ടെന്ന വിശകലനം ആണ്.

നവീനശിലായുഗ കാലഘട്ടങ്ങളിലും ഇന്ത്യയുടെ സാംസകാരിക കാലഘട്ടങ്ങളിലും എല്ലാം തന്നെ കൈത്തറിയുടെ പ്രാധാന്യം ഉണ്ടായിരുന്നു. ഓരോ കാലഘട്ടങ്ങളിലും വ്യത്യസ്ത സാംസകാരിക പശ്ചാത്തലം ആയിരുന്നു കൈത്തറിക്ക്. വേദങ്ങളിലും മറ്റു പല കൃതികളിലും കാണുവാൻ കഴിയും . ഓരോ കാലഘട്ടങ്ങളിലും അന്നത്തെ ഭരണാധികാരികൾ നെയ്ത്തിനെയും കൈത്തറിയെയും വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നുവെന്നു ചരിത്രങ്ങളിൽ നിന്ന് വ്യക്തമാണ്.

കേരളം കൈത്തറി ചരിത്രത്തിൽ ചാലിയന്മാർക്കായിരുന്നു പ്രാധാന്യം കൂടുതൽ. മറ്റു സ്ഥലങ്ങളിൽ നിന്ന് പോലും ഇവർ കൈത്തറിയെ പ്രോത്സാഹിപ്പിക്കുവാൻ എത്തിയിരുന്നു. ഇവരുടെ കൈത്തറി മികവ് കണ്ടു പാലിയത്തച്ചൻ ഇവർക്കായി നെയ്ത്തുശാല നിർമിക്കുന്നതിന് ചേന്ദമംഗലത്തു ഭൂമി നൽകുകയും ചെയ്തു . ഇതു ചേന്ദമംഗലം കൈത്തറിയുടെ പ്രൗഢി ഉയർത്തുന്നതിന് കാരണമായി.

കേരളത്തിൽ ഒട്ടുമിക്ക ജില്ലകളിലും പ്രധാനമായി തിരുവന്തപുരം , കൊല്ലം, ആലപ്പുഴ, തൃശ്ശൂർ,പാലക്കാട് ,കോഴിക്കോട് , കണ്ണൂർ,കാസർഗോഡ് എന്നിവിടങ്ങളിൽ എല്ലാംതന്നെ കൈത്തറിയുടെ സ്വാധീനം കാണണം . എന്നാൽ ചേന്ദമംഗലം കൈത്തറി ഈ സംസഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ് . കൊച്ചി രാജാവിന്റെ ദിവാനായിരുന്ന പാലിയത്തച്ചന്റെ കാലഘട്ടം മുതൽ ഏകദേശം 150 വർഷം പഴക്കമുള്ള ഉത്പന്നമാണ് ചേന്ദമംഗല കൈത്തറിയുടേത്.

ആദ്യ കാലങ്ങളിൽ സവർണ്ണർക്ക് മാത്രം ധരിക്കവുന്ന വസ്ത്രധാരണ രീതിയിൽ കൈത്തറി വസ്ത്രങ്ങൾ പ്രൗഢിയുടെ പ്രീതികമായി മാറുന്നതിനു കാരണമാകുന്നു. സാമൂഹിക പരിഷ്കർത്താവായ ശ്രീ നാരായണഗുരുവിന്റെ പ്രഖ്യാപന ഫലമായി അവർണ്ണർ വിഭാഗകരായ ഈഴവർ നെയ്ത്തിലേക്കു ആകൃഷ്ടരാവുകയും അവർ

നായർ ബ്രാഹ്മണ വിഭാഗങ്ങൾക്കു കൈത്തറി വസ്ത്രങ്ങൾ നെയ്ത്തു നടത്തുകയും ചെയ്തു .

കൊളോണിയൽ കാലഘട്ടം കേരളത്തിൽ ആരംഭിച്ചപ്പോൾ ആദ്യകാലങ്ങളിൽ കൈത്തറിയെ പ്രോത്സാഹിപ്പിക്കുന്നതായാണ് ചരിത്രം സാക്ഷ്യപെടുത്തുന്നത് . എന്നാൽ പിന്നീട് അവരുടേതായ സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടി കൈത്തറിയെ അവർ ചൂഷണത്തിന് ഇരയാക്കി.

ഇംഗ്ലണ്ടിൽ ആരംഭിച്ച വ്യവസായവിപ്ലവം കൈത്തറി മേഖലയെ സ്വാധീനിച്ചതായി കാണുന്നു . എന്നാൽ ചേന്ദമംഗലം കൈത്തറിയുടെയും അതിന്റെ സാംസകാരിക പശ്ചാത്തലത്തിൽ നിന്നും എനിക്ക് മനസിലായത് വ്യവസായ വിപ്ലവം ചേന്ദമംഗലം കൈത്തറി മേഖലയെ സ്വാധീനിച്ചിരുന്നതായി കാണുന്നില്ല . പരമ്പരാഗത നെയ്ത്തു രീതിയിൽ തന്നെ അവരുടെ നിറം ചേർക്കലും , നൂൽനെയ്ത്തും എല്ലാം നടത്തിയിരുന്നത് . ചേന്ദമംഗലം കൈത്തറി മേഖല പലതരത്തിലുള്ള സാമുഹിക - സാംസകാരിക മാറ്റങ്ങൾക്കു കാരണമായി എന്ന് എന്റെ പഠനം വിലയിരുത്തുന്നു.

എൻ്റെ പഠനത്തിൽ നിന്നും , എനിക്ക് മനസിലാക്കുവാൻ സാധിച്ചത് ചേന്ദമംഗലം കൈത്തറിയുടെ സ്വാധീനവും വളർച്ചയും ആഗോളതലത്തിൽ ഉയരുന്നതിനും ഇത്തരം പരമ്പരാഗത രീതിയുടെ സ്വാധീനമാണ് കാണുന്നത്.

ഈ കൈത്തറിക്ക് ലഭിച്ച ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ മാർക്കിൽ ഉപരി പ്രളയന്തരം പിറന്ന ചേക്കുട്ടി ആണ് ചേന്ദമംഗലം കൈത്തറിയെ ആഗോളതലത്തിൽ ശ്രദ്ധിക്കപെടുന്നതിനു കാരണമായതെന്ന് പറയാം . ഇതിലൂടെ കേരളം കൈത്തറി സംസ്കാരവും ശ്രദ്ധയാകർക്ഷിക്കുന്നതിനു കാരണമായി .

കൈത്തറി സംസകാരം ലോകരാഷ്ട്രങ്ങൾക്കിടയിൽ ശ്രദ്ധചെലുത്തുന്നതിനാൽ തന്നെ ചേന്ദമംഗലം ചേക്കുട്ടിയും ശ്രദ്ധയാകർക്ഷിക്കുന്നതിനും കാരണമായി . കേരളം കൈത്തറിക്ക് ചാലിയാർ , ഭട്ടചാലിയാർ വിഭാഗങ്ങൾ നൽകിയ സംഭാവന വളരെ വലുതായിരുന്നു .കൈത്തറി വ്യവസായം ഒരു പരമ്പരാഗത രീതി ആണ് . എന്നാൽ പഴമയെ പുതുമയാക്കി മാറ്റുവാൻ ചേന്ദമംഗലം കൈത്തറിക് കഴിഞ്ഞു . ചേന്ദമംഗലം കൈത്തറിയുടെ നിർമ്മാണ പ്രക്രിയ മറ്റു നെയ്ത്തു ശാലയിൽ നിന്നും വ്യത്യസ്തമാണെന്നു എൻ്റെ പഠനത്തിലൂടെ മനസിലാക്കുവാൻ സാധിച്ചു.

കൈത്തറിയുടെ സംസകാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്ത്യയുടെയും കേരളത്തിൻ്റെയും സർക്കാരുകൾ നിരവധി പരിപാടികൾ അവലംബിക്കുന്നുണ്ട് . അതിനാൽ തന്നെ ഓരോ ഭാരതീയൻ്റെ ഇടയിലേക്കും കൈത്തറിയുടെ പ്രാധാന്യം കൂടുതൽ ഉന്നതിയിലേക്ക് എത്തിക്കുവാൻ ശ്രമിക്കുന്നു.

നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമായ കൈത്തറി ഒരിക്കലും പതനത്തിനു കരണമാകില്ല കാരണം സർക്കാരുകൾ ഭാഗത്തു നിന്ന് വരുന്ന പ്രവർത്തനങ്ങൾ അതിനു ഉദാഹരണമെന്ന് പറയാം. ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യൻ സംസ്ക്കാരത്തിന് പ്രചാരം ലഭിച്ചക്കുന്നതു പോലെ തന്നെ കൈത്തറിയുടെ പ്രാധാന്യവും ഏറെ ചർച്ച ചെയ്യപ്പെടുന്നുവെന്നും കാർഷിക സംസ്കാരം പോലെ തന്നെ നെയ്ത്തു സംസകരവും കൂടുതൽ പ്രചാരം നേടുന്നതിന് കാരണമായിയെന്നും എൻ്റെ പ്രബന്ധത്തിൽ വിവരിക്കുന്നു.

# ഗ്രന്ഥസൂചിക

## പ്രാഥമിക ഉറവിടം


- മേനോൻ അച്യുതൻ സി. , "*കൊച്ചിൻ സ്റ്റേറ്റ് മാനുവൽ*", കൊച്ചി ഗവൺമെൻറ് പ്രസ്, എറണാകുളം, 1911.


## ദ്വിതീയ ഉറവിടങ്ങൾ

### മലയാള പ്രസിദ്ധീകരണം


- മേനോൻ പത്മനാഭൻ കെ. പി., "*കൊച്ചി രാജ്യ ചരിത്രം*",മാതൃഭൂമി ബുക്ക്സ് എറണാകുളം,1989.
- വാര്യർ രാഘവ,ഗുരുക്കൾ രാജൻ, "*കേരള ഹിസ്റ്ററി*",വള്ളത്തോൾ വിദ്യാപീഠം, കോട്ടയം, 1991.


### ഇംഗ്ലീഷ് പ്രസിദ്ധീകരണം


- മുഖർജി കുമുദ് രാധ, "*ചന്ദ്രഗുപ്തമൗര്യൻ ആൻഡ് ഹിസ് ടൈം*", മോത്തിലാൽ ബനാറസിഡസ് പബ്ലിഷേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുംബൈ,1999.
- മെഹത്ത.ജെ.റുസ്തം, "*ദി ഹാൻഡി ക്രാഫ്റ്റ് ആൻഡ് ഇൻഡസ്ട്രിയൽ ആർട്ട്സ് ഓഫ് ഇന്ത്യ", *തറപേരൈവാല സൺസ്& കോ, ബോംബെ,1960.
- രാമസ്വാമി വിജയ, "*ടെക്സ്റ്റൈൽസ് ആൻഡ് വിവേഴ്സ് ഇൻ മിഡിവൽ സൗത്ത് ഇന്ത്യ*",ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് ,ഡൽഹി,1985.
- സെഗൽ.ജെ. ബി., "*ഹിസ്റ്ററി ഓഫ് ദി ജ്യൂസ്*", എ.വാലൻറൈൻ മെഷീൻ & ലിമിറ്റഡ്, ഇംഗ്ലണ്ട്,1993.
- എ . മാധവൻ സേതു, *ദി സാഗാസ് ഓഫ് മുസിരിസ്*, നിയോഗി ഓഫ് സെറ്റ് പ്രൈവറ്റ് ലിമിറ്റഡ് ,ന്യൂഡൽഹി,2017.

- റാവു വെങ്കിടേശ്വര അക്കുറുത്തി, *"ഹാൻഡ് ലൂം ഇൻഡസ്ട്രി ഇൻ ഇന്ത്യ എ സ്റ്റഡി"*, നാഷ്ണൽ കോ ഓപ്പറേറ്റീവ് യൂണിയൻ ഓഫ് ഇന്ത്യ ,ന്യൂഡൽഹി,1973.

- പ്രസാദ് .ബി., *"കേരള ഹിസ്റ്ററി മ്യൂസിയം പാലിയം കോവിലകം"*, ഫൈവ്സ്റ്റാർ ഓഫ്സെറ്റ് പ്രിൻറ്റേഴ്സ്,എറണാകുളം, 2015.

## ആർട്ടിക്കിൾ

### ഇംഗ്ലീഷ് ആർട്ടിക്കിൾ

- എസ് എസ് സുകന്യ,കണ്ടീഷൻ ഓഫ് ഹാൻഡ് ലൂം ഇൻഡസ്ട്രി ആൻഡ് ഹാൻ ലൂം വിവേഴ്സ് ഇൻ ദി പ്രസൻറ് എക്കണോമിക്സ് സിനാരിയോ എ കേസ് സ്റ്റഡി ഓഫ് പ്രൈവറ്റ് ഹൗസ് ഓൾഡ് യൂണിറ്റ് ഇൻ സൌത്തേൺ ട്രിവാൻഡ്ര, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, 18 ഡിസംബർ, 2017.

- കുറുപ്പ് കെ.കെ.എൻ, ഇന്ത്യൻ ജേണൽ ഓഫ് ട്രഡീഷണൽ നോളജ് , വോളിയം.10, 7 ജനുവരി,2008.

- കേരള ഹാൻഡ് ലൂം ഇൻഡസ്ട്രി, കേരള ഹാൻഡ് ലൂം & ഇൻഫോമാറ്റിക്സ് ഫ്രം എ എ സി, 26 ജൂലൈ, 2011.

- കേരള ഫ്ലഡ് ഓഗസ്റ്റ് 1 മുതൽ ഓഗസ്റ്റ് 30 2018 , സ്റ്റേറ്റ് റിലീസ് കമ്മീഷണർ ഡിസാസ്റ്റർ മാനേജ്മെൻറ്, ഗവൺമെൻറ് ഓഫ് കേരള, 2018.

- ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ, മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ് ഓഫ് ഇന്ത്യ, ചെന്നൈ,18 നവംബർ, 2010.

- മീറ്റ് ഭൂമിക ദി മാസ്ക് ഡോൾ വുമൺ ഫ്രം ദി റുയ്ൽസ് ഓഫ് കേരള ഫ്ലഡ്, 2018.

- വർഗീസ് അനു , ഹാൻഡ്ലൂം ഇൻഡസ്ട്രി കേരള എ സ്റ്റഡി ഓഫ് ദി മാർക്കറ്റിംഗ് ഇഷ്യൂ, സെപ്റ്റംബർ,2015.

- വാറോൻഗർ ആർത്തൂർ.ജെ , ദി സിനഗോഗ് ഓഫ് കേരള -ഇന്ത്യ, 2010.

- സിംഗ് ആസ്ക്, പ്രസാദ് കൃഷ്ണ അർച്ചന എ ഡയഗ്നോസ്റ്റിക് സ്റ്റഡി ഓൺ ചേന്ദമംഗലം വീവേഴ്സ് സൊസൈറ്റി ,2019.

- ശ്രീമതി മോഹൻ, ദി ഇന്ത്യൻ സാരി ജേർണൽ ,2000.
- ഫ്രാസ്ക എ റിച്ചാർഡ്, റിവേഴ്സ് ഇൻ മോഡേൺ സൗത്ത് ഇന്ത്യ,എക്കണോമിക്സ് ആൻഡ് പൊളിറ്റിക്കൽ വീക്കിലി, വോളിയം.10,26 ജൂലൈ,1975.


## തീസിസ്


- ജെര ഋതു, അനലറ്റിക്കൽ സ്റ്റഡി ഓഫ് ഹാൻഡ്‌ലൂം ഇൻഡസ്ട്രി ഓഫ് കോട്ട റീജിയൺ, യൂണിവേഴ്സിറ്റി ഓഫ് കോട, രാജസ്ഥാൻ, 2019.


## പത്രങ്ങൾ


- സീനആന്റണി, ചേന്ദമംഗലം കൈത്തറി മാഞ്ഞു പോകില്ല, മനോരമ,10 സെപ്തംബർ, 2018.
- പ്രദീപ് കെ.കെ, ജേർണി ബാക്ക് ഇൻ ടൈം ,ദി ഹിന്ദു , 21 ജൂൺ,2012.
- രാജ ഗോപാൽ ശ്യാം, ചേക്കുട്ടി ടു ഹെല്പ് വിവ് ടു ഗെതെർ ഫ്‌ളഡ് റവെജ്ഡ് ചേന്ദമംഗലം ,ദി ഹിന്ദു, 10 സെപ്റ്റംബർ,2018.
- സ്വാമി രോഷണി, ഭൂമിക ആൻഡ് ചേക്കുട്ടി ഹാൻഡ് മേയ്ഡ് ഡോൾ ഹെല്പിങ് കേരളം ഫ്‌ളഡ് ഹിറ്റ് ഗെറ്റ് ബാക്ക് ഓൺ ദെയ്ർ ഫീറ്റ്,ദി പ്രിൻറ്റ്, ഒക്ടോബർ,2018.


## യൂട്യൂബ്



- സഹാപ്പീഡിയ, ചേന്ദമംഗലം ഹാൻഡ്‌ലൂം :ഇൻറ്റർവെൻഷൻ ഇൻ ക്രാഫ്റ്റ് റിവൈവൽ,24 ഫെബ്രുവരി, 2020,11.30 am.
- സഫാരി ,ചേന്ദമംഗലം കൈത്തറിയുടെ കേന്ദ്രമായതെങ്ങനെ, മെയ് 17,2018,10.30 pm.

- മനോരമ ന്യൂസ്,അതിജീവനത്തിന് കഥ പറയും ചേക്കുട്ടി , 26 നവംബർ, 2018,10.30 pm.
- കേരളം ഡി .ഡി .ന്യൂസ് , മാപ്പ് ഫ്രം ചേന്ദമംഗലം ഫാബ്രിക്  റീബിൽഡിങ് കേരള, 14 ഡിസംബർ, 2018,12 am.


## വെബ്ലിയോഗ്രഫി

- https://www.muzirisheritage.org/history.php , മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റ്, 18 മാർച്ച്, 2021, 10.30 am.
- https://www.muzirisheritage.in/kottayil-kovilakam.html , മുസിരിസ് ഹെറിറ്റേജ് ദി ഇൻഡോ റോമൻ എൻഷിയൻറ്, 30 മാർച്ച് ,2021, 11.30 pm.
- www.paliam.in. , പാലിയം ഒഫീഷ്യൽ സൈറ്റ്, 11 ജൂൺ ,2021, 11.00 am.
- https://www.muzirisheritage.org/holy-crosschurch.php. , മുസിരിസ് ഹെറിറ്റേജ് ഹോളിക്രോസ്, 15 ഏപ്രിൽ, 2021,12.30 pm.


# അനുബന്ധം





കേരളത്തിലെ പ്രധാന കൈത്തറി ജില്ലകളുടെ ഭൂപടം.




കോമി അച്ഛൻ ഒന്നാമൻ



കോമി അച്ഛൻ രണ്ടാമൻ



ഗോവിന്ദൻ വലിയച്ഛൻ



രാമൻ വലിയച്ഛൻ



**കോട്ടയിൽ  കോവിലകം ശ്രീ കൃഷ്ണ ക്ഷേത്രം.**



**പാലിയം കോവിലകം**



ചേന്ദമംഗലം സിനഗോഗ്



ഹോളി ക്രോസ്സ് ചർച്ച്



പാലിയം നാലുകെട്ട്



കൈത്തറി  നൂൽ വെള്ളത്തിലിട്ടു കുതിർത്തുന്നു.



നൂൽ പുഴുങ്ങുന്നു.



നൂലിൽ ഡൈയിങ് നടത്തുന്നു.



പരമ്പരാഗത രീതിയിൽ നൂൽ ചുറ്റിയെടുക്കുന്നു.



നൂലിൽ സ്റ്റാർച്ചിങ് നടത്തുന്നു .



കൈത്തറി നെയ്ത്ത്.



2018 ലെ പ്രളയത്തിൽ തകർന്ന തറികൾ



**2018 ലെ പ്രളയത്തിൽ നശിച്ച**

**വിൽപനക്കായി വച്ചിരുന്ന കൈത്തറി ഉത്പന്നങ്ങൾ.**



**2004 ലെ സുനാമിക്ക് ശേഷം പിറന്ന സുനാമി പാവ.**



**2018ലെ പ്രളയത്തിൽ ചേറിനെ  അതിജീവിച്ച ചേകുട്ടി.**



**ഭൂമിയുടെ പുത്രിയായി അതിജീവിച്ച, പ്രതീക്ഷയുടെ ഭൂമിക.**




**2018ലെ പ്രളയതെ അതിജീവിക്കുന്നതിനായി ഐശ്വര്യ കുടുംബശ്രീ അംഗംങ്ങൾ ചേന്ദമംഗലം കൈത്തറിയിൽ നിർമിച്ച ഭൂപടം.**